OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service

STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE

Vol. IV | Book. 06 | Regd. No. ER/450/2001 1197 | എടവം – മിഥുനം | ജൂൺ | Date: 30.06.2023

# പത്രാധിപക്കുറിപ്പ്

## പരിപാലിക്കാം പരിസ്ഥിതിയെ...



**കെ. രാജീവൻ**

മറ്റൊരു പരിസ്ഥിതി ദിനം കൂടി വരുന്നു. അമ്പത് വർഷങ്ങൾക്ക് മുമ്പ് ഈ ദിനം പ്രഖ്യാപിക്കപ്പെടുമ്പോൾ ഉണ്ടായിരുന്ന ഒരു ലോകമല്ല ഇന്നുള്ളത്. അന്നത്തെ ഇന്ത്യയും കേരളവുവുമല്ല. അന്ന് നമുക്ക് ആലോചിക്കാൻ പോലും കഴിയാത്ത വിധത്തിൽ എല്ലാം മാറിയിരിക്കുന്നു, അതും ഏറ്റവും മോശമായ വിധത്തിൽ . വളർച്ചക്ക് പരിമിതി എന്ന് 1970 നടത്തിയ പ്രവചനം അന്ന് പ്രതീക്ഷിക്കാൻ പോലും കഴിയാത്ത വിധത്തിൽ ഇന്ന് സത്യമായിരിക്കുന്നു.

എല്ലാ വർഷവും ജൂൺ 5 ആണ് ലോക പരിസ്ഥിതി ദിനം ആയി ആചരിക്കുന്നത്. പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ചുള്ള അവബോധം വരുത്താനും കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യാനുമാണ് പരിസ്ഥിതി ദിനാചരണം. ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയാണ് 1974 മുതൽ ഈ ദിനാചരണം ആരംഭിച്ചത്. ജൂൺ 5 പരിസ്ഥിതി ദിനാചരണം മാത്രമല്ല, പരിസ്ഥിതിവിരുദ്ധരുടെ കൂടി ദിനം ആണ്.

പ്ലാസ്റ്റിക് മലിനീകരണം ചെറുക്കാനാണ് ഈ വർഷത്തെ പരിസ്ഥിതിദിന ആഹ്വാനം. ഭൂമിയെ ശ്വാസംമുട്ടിക്കുന്ന പ്ലാസ്റ്റിക്കിന്റെ വ്യാപനം തടയാൻ വ്യക്തികളും സ്ഥാപനങ്ങളും ഉൽപാദക കമ്പനികളും ഒത്തൊരുമിച്ചു പോരാടേണ്ടതുണ്ട്...

മണ്ണിൽ അലിയാത്തതും നശിപ്പിക്കാനാവാത്തതുമായ വസ്തുക്കൾ മിക്കതും പ്രകൃതിക്കെതിരാണ്. കീടനാശിനിയായ ഡിഡിടി... നമ്മുടെ മുലപ്പാലിൽവരെ കലർന്നു. ശീതീകരണികളിലും മറ്റും ഉപയോഗിക്കുന്ന ക്ലോറോഫ്ലൂറോ കാർബൺ അന്തരീക്ഷത്തിലെ.. ഓസോൺ പാളിയെ ശോഷിപ്പിച്ചു. പെട്രോൾ കത്തുമ്പോൾ പുറത്തുവരുന്ന കാർബൺ പിടിച്ചാൽകിട്ടാത്ത വിധം അന്തരീക്ഷതാതാപനം വർധിപ്പിക്കുന്നു. നാശമില്ലാതെ ഭൂമിക്കു ഭാരമായി മാറുന്ന മറ്റൊരു വസ്തുവിന്റെ ഉപയോഗം കുറയ്ക്കുന്നതിനെപ്പറ്റി ഈ വർഷത്തെ പരിസ്ഥിതിദിനം ഓർമപ്പെടുത്തുന്നു– തോൽപിക്കാം, പ്ലാസ്റ്റിക് കൊണ്ടുള്ള മലിനീകരണത്തെ. ...

### ആദരിക്കണം ഹരിതസേനയെ



ഹരിത സേന

നമ്മൾ വലിച്ചെറിയുന്ന മാലിന്യം ശേഖരിച്ച് അവയിൽനിന്നു മൂല്യവസ്തുക്കൾ കണ്ടെത്തുന്നത്തുന്ന ഹരിത സേനാംഗങ്ങളെ അംഗീകരിക്കുക.. ഔദ്യോഗിക പിന്തുണയില്ലാതെ ജോലി ചെയ്യുന്ന ഇവർ ഭൂമിയുടെയും പരിസ്ഥിതിയുടെയും കാവലാളുകളാണ്.



ചെടികൾ നട്ടും പൊതുസ്ഥലങ്ങൾ ശുദ്ധീകരിച്ചും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സംസ്കരിച്ചും യുഎഇ യിൽ ലോക പരിസ്ഥിതി ദിനം ആചരിക്കുന്നു

ഭൂമിയുടെ നല്ലൊരു ഭാഗം കടലിനടിയിലാകാൻ കേവലം ചില പതിറ്റാണ്ടുകൾ മതി എന്ന സത്യം ഇന്നെല്ലാവരും അംഗീകരിക്കുന്നുണ്ട്. മാലിദ്വീപ് എന്ന രാഷ്ട്രം അതിന്റെ ഒരു മന്ത്രിസഭാ യോഗം ചേർന്നത് കടലിനടിയിൽ അന്തർ വാഹിനിയിലായിരുന്നു. പ്രതീകാത്മകമായി ലോകത്തോട് അവർ പ്രതിഷേധിക്കുകയായിരുന്നു. .... "ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ" എന്ന ചോദ്യം 'ഇപ്പോഴുള്ളൊരു തലമുറയ്ക്ക്' എന്ന് മാറ്റി പാടി തുടങ്ങിയിരിക്കുന്നു. ഗ്രെറ്റ ത്യുൻബെയെപ്പോലെ ലക്ഷക്കണക്കിന് പേർ ഇന്ന് വിവിധ ഭരണകർത്താക്കൾക്ക് നേരെ വിരൽചൂണ്ടി ഉയർത്തുന്ന ചോദ്യങ്ങളും അതാണ്.......

# താങ്ങും തണലും, കടലോളം വാത്സല്യവും, അച്ഛന് വേണ്ടിയൊരു ദിനം

## ജൂൺ 18 ഫാദേഴ്സ് ഡേ



നാം അനുഭവിക്കുന്ന തണൽ നമ്മുടെ അച്ഛന് കൊണ്ട വെയിലാണെന്ന് പറയാറുണ്ട്. നമ്മുടെ ജീവിതത്തിൽ താങ്ങും തണലും കരുത്തും കരുതലുമായി നില്ക്കുന്ന അച്ഛനു വേണ്ടിയൊരു ദിവസമാണിന്ന്. അതെ ഇന്നാണ് ഫാദേഴ്സ ഡേ, ശാസിച്ചും ശിക്ഷിച്ചും ഉപദേശിച്ചും നമ്മുടെ വഴികാട്ടിയാകുന്ന അച്ഛന്റെ കരുതൽ ഓർക്കാനും ആ സ്നേഹം പതിന്മടങ്ങളായി തിരികെ നല്കണമെന്ന് ഓർമ്മപ്പെടുത്താനുമായൊരു ദിനം.

ഒരു കുട്ടിയുടെ ജീവിതത്തിൽ അമ്മയ്ക്ക് എത്രത്തോളം പ്രാധാന്യമുണ്ടോ അത്രതന്നെ പ്രാധാന്യം അച്ഛനും അർഹിക്കുന്നുണ്ട്. എന്നാൽ പലപ്പോഴും മനപൂർവ്വമല്ലെങ്കിലും അത് വിസ്മരിക്കപ്പെടാറുണ്ട്. അമ്മയുടെ സ്നേഹത്തിനും കരുതലിനും മുന്നിൽ അച്ഛന്റെ സ്നേഹത്തിന്റെ തട്ട് താണുപോകാറുണ്ട്. അതിനാലാണ് മാതൃദിനം പോലെ തന്നെ പിതൃദിനവും ആഘോഷിക്കപ്പെടുന്നത്.

പല രാജ്യങ്ങളിലും പല തീയതികളിലായാണ് ഫാദേഴ്സ് ഡേ ആഘോഷിക്കുന്നത്. ഇന്ത്യയിൽ എല്ലാ വർഷവും ജൂണ് മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ചയാണ് ഫാദേഴ്സ് ഡേയായി എല്ലാവരും ആഘോഷിക്കുന്നത്. ഇത്തവണ ജൂണ് 18 നാണ് ഫാദേഴ്സ് ഡേ. മറ്റു ചില രാജ്യങ്ങളിലും ഈ ദിനം ഫാദേഴ്സ് ഡേയായി ആഘോഷിക്കുന്നുണ്ട്. കേക്ക് മുറിച്ചും സമ്മാനങ്ങള് നല്കിയും അച്ഛനൊപ്പം സമയം പങ്കുവച്ചും നാം ഫാദേഴ്സ് ഡേ ആഘോഷിക്കാറുണ്ട്.

# പെൻഷൻ പുതുക്കൽ

**7 ദിവസത്തിനകം ബാങ്ക് പെൻഷൻകാരുടെ പ്രശ്നങ്ങളിൽ ഗൗരവപൂർണ്ണമായ പരിഗണന ഇൻഡ്യൻ ബാങ്ക്സ് അസ്സോസിയേഷനോട് ആവശ്യപ്പെട്ട് കേന്ദ്ര ധനകാര്യ മന്ത്രി നിർമ്മല സീതാരാമൻ**



ഓൾ ഇന്ത്യ ബാങ്ക് പെൻഷനേഴ്സ് ആൻഡ് റിട്ടയേഴ്സ് കോൺഫെഡറേഷൻ (എഐബിപിആർസി) 19-നുമായുള്ള കൂടിക്കാഴ്ചയിൽ ധനമന്ത്രി നിർമ്മല സീതർമൻ ഐബിഎയോട് അസോസിയേഷന്റെ ആവശ്യങ്ങളോട് ഏഴു ദിവസത്തിനകം മറുപടി നൽകണമെന്ന് ആവശ്യപ്പെട്ടതായി (എഐബിപിആർസി) പ്രസിഡന്റ് കെ.വി. ആചാര്യ മാദ്ധ്യമങ്ങളോട് പറഞ്ഞു.

"ഐബിഎയുമായി സംസാരിക്കുമെന്നും എല്ലാ വിഷയങ്ങൾക്കും ഒരാഴ്ചയ്ക്കുള്ളിൽ മറുപടി നൽകാൻ അവരോട് ആവശ്യപ്പെടുമെന്നും ധനമന്ത്രി പറഞ്ഞു," പെൻഷൻ പുതുക്കൽ, 100 ശതമാനം ന്യൂട്രലൈസേഷൻ, മെഡിക്കൽ ഇൻഷുറൻസ് സ്കീം, വിരമിച്ചവരുടെ പ്രീമിയം ബാങ്കുകൾ വഹിക്കണം ഏകീകൃത നിരക്ക് തുടങ്ങിയ ആവശ്യങ്ങൾ അസോസിയേഷൻ ഉന്നയിച്ചിട്ടുണ്ട്.

# കാസർഗോഡ് ജില്ലാ സമ്മേളനം

**പൊതു മേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽ നിന്നും സർക്കാർ പിൻ തിരിയണം**

രാഷ്ട്ര പുരോഗതിക്ക് പൊതു മേഖല സ്ഥാപനങ്ങൾ നൽകിയ സംഭാവന വിലമതിക്കാനാവത്തതാണെന്നും അതുകൊണ്ട് തന്നെ പൊതു മേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽ നിന്നും സർക്കാർ പിൻതിരിയണമെന്നും സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യ പെൻഷനേർസ് അസോസിയേഷൻ (കേരള), കാസർഗോഡ് ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു.



സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി എ.രാഘവൻ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു

കാസർഗോഡ് ജില്ലാ സമ്മേളനം കാഞ്ഞങ്ങാട് ഒറിക്സ് ഹോട്ടൽ ഹാളിൽ നടന്നു. പരിപാടി സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി എ.രാഘവൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് പി..വി..രവീന്ദ്രൻ അധ്യക്ഷനായി, ജില്ലാ വൈസ് പ്രസിഡണ്ട് കൃഷ്ണൻ പത്താനത്ത് സ്വാഗതം പറഞ്ഞു, (അസിസ്റ്റന്റ സെക്രട്ടറി) സേതുമാധവൻ നായർ, കാനായി കുഞ്ഞിരാമൻ (ശില്പി), ജില്ലാ സെക്രട്ടറി എം.വിജയൻ ഡോ.പി.കെ ജയശ്രീ (ഐ എ .എസ്) ടി.ജി. ശ്രീജിത്ത്, എൻ.വി..ബാബു, കെ.വി..കൃഷ്ണൻ ,എം.കൃഷ്ണൻ , പത്മനാഭ ഭട്ട്, വി.ഗോപാലൻ എന്നിവർ സംസാരിച്ചു.



കേരളം കണ്ട അതുല്യ കലാകാരനും വിശ്വപ്രസിദ്ധ ശിൽപ്പിയുമായ കാനായി കഞ്ഞുരാമനെ ചടങ്ങിൽ ആദരിക്കുന്നു

ചടങ്ങിൽ കാനായി കുഞ്ഞിരാമൻ, ഡോ.പി.കെ.ജയശ്രീ , എം.ലീല, എന്നിവരെ ആദരിക്കുകയും, പല മേഖലയിലും ഉന്നത വിജയികളായ ഷാരോൺ ബാബു, ശ്രേയ പ്രഭു, ധീരജ് ബാബു, ടി. നന്ദന, വി.രവീന്ദ്രൻ എന്നിവരെ അനുമോദിച്ചു.




ജില്ലാ സെക്രട്ടറി എം. വിജയൻ റിപ്പോർട് അവതരിപ്പിക്കുന്നു




മുൻ കോട്ടയം ജില്ലാ കളക്ടറും ജില്ലാ പ്രസിഡന്റ് പി.വി.രവീന്ദ്രന്റെ സഹധർമ്മിണിയുമായ ഡോ.ജയശ്രീ സമ്മേളനത്തിന്റെ ആദരം ഏറ്റുവാങ്ങി സംസാരിക്കുന്നു



ചടങ്ങിൽ കാനായി കുഞ്ഞിരാമൻ സംസാരിക്കുന്നു

**തിരുവനന്തപുരം ശംഖുമുഖത്ത് കാനായി കുഞ്ഞിരാമൻ തീർത്ത സാഗര കന്യകാ ശില്പം ഗിന്നസ് റെക്കോഡിൽ! ലോകത്തെ ഏറ്റവും വലിയ മത്സ്യകന്യകാശില്പമെന്ന റെക്കോഡാണ് അപേക്ഷിക്കാതെ തന്നെ ഗിന്നസ് അധികൃതർ നല്കിയത്. ശില്പ്പത്തോട് ചേർന്ന് സ്ഥാപിച്ച ഹെലികോപ്ടർ നീക്കം ചെയ്യണമെന്ന ആവശ്യം ഇനിയും പരിഗണിക്കാത്ത വിഷമത്തിലാണ് കാനായി.**

# കോഴിക്കോട് ഓഫീസിൽ മിനി ലൈബ്രറി

എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കേരളയുടെ കോഴിക്കോട് ഓഫീസിൽ ഒരു മിനി ലൈബ്രറി. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് അടക്കം അനേകം പുരസ്കാരങ്ങൾ ലഭിച്ചിട്ടുള്ള പ്രശസ്ത സാഹിത്യകാരനും നമ്മുടെ മുതിർന്ന അംഗവും കൂടിയായ കെ എസ് വെങ്കിടാചലം 2023 മെയ് 7ന് രാവിലെ 10.30 ന് ഉത്ഘാടനം ചെയ്തു .



നമ്മുടെയിടയിലുള്ള സാഹിത്യപ്രതിഭകളടക്കം 76അംഗങ്ങൾ പങ്കെടുത്ത പ്രൗഢഗംഭീര സദസ്സിൽ വെച്ച് തന്റെ അവാർഡിന്നർഹമായ പുസ്തകങ്ങൾ സംസ്ഥാന പ്രസിഡന്റ് രാജീവന് കൈമാറി ഔപചാരികമായി ലൈബ്രറിക്ക് നാന്ദി കുറിച്ചു. നാനൂറോളം പുസ്തകങ്ങളാണ് വെങ്കിടാചലം ലൈബ്രറിക്ക് സംഭാവന ചെയ്തത്.



ചീഫ് മാനേജർ (എച്ച്.ആർ.) വിനോദ് വർമ, കോഴിക്കോട് ബ്രാഞ്ച് ചീഫ് മാനേജർ ടെന്നി ട്രെസ്സാ സിറിയക് എന്നിവർ ആശംസാപ്രസംഗം നടത്തി. പ്രായം വായനക്ക് തടസ്സമല്ലന്നും എല്ലാ അംഗങ്ങളും ഈ സൗകര്യം ഉപയോഗപ്പെടുത്തണ മെന്നും വെങ്കിടാചലം അംഗങ്ങളെ ഉദ്ബോധിപ്പിച്ചു. ലഭിച്ച പുസ്തകങ്ങളെല്ലാം മികച്ച സാഹിത്യ കൃതികളാണെന്നും ലൈബ്രറിയുടെ വിജയം അംഗങ്ങൾ ഉറപ്പു വരുത്തണമെന്നും രാജീവൻ ആവശ്യപ്പെട്ടു. നമ്മുടെ എഴുത്തുകാരായ മറ്റു അംഗങ്ങളായ സ്നേഹപ്രകാശ് , ജയശ്രീ, മംഗളം, ജയൻ കടലുണ്ടി, ദിലീപ് കുമാർ , ലത മണ്ടോടി എന്നിവരെ പരിചപ്പെടുത്തി. സ്നേഹപ്രകാശ്, ജയശ്രീ, മംഗളം എന്നിവര് അവരുടെ പുതിയ പുസ്തകങ്ങൾ ലൈബ്രറിക്ക് സമർപ്പിച്ചു. പ്രസിഡന്റ് ബാലഗോപാൽ സ്വാഗതപ്രസംഗത്തിൽ അസോസിയേഷൻ ഓഫീസ് കൂടുതൽ സജീവമാക്കുവാൻ ലൈബ്രറി സഹായിക്കുമെന്ന് പ്രത്യാശിച്ചു. സെക്രട്ടറി സി. വേണുഗോപാൽ നന്ദി പറഞ്ഞു. അംഗങ്ങളെ കൂടാതെ സ്റ്റാഫംഗങ്ങൾക്കും ലൈബ്രറി സൗജന്യമായി ഉപയോഗിക്കാ മെന്ന് അദ്ദേഹം അറിയിച്ചു.

# കോട്ടയം ജില്ലാ ഭരണ സമിതി യോഗം

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് എക്സിക്യൂട്ടിവ് കമ്മറ്റി യോഗം 2023 ജൂൺ മാസം 17-ാം തിയതി ശനിയാഴ്ച്ച രാവിലെ 10.45 മണിയ്ക്ക് കോട്ടയം ഏരിയാ ഓഫീസിൽ ചേർന്നു. ജില്ലാ പ്രസിഡന്റ് കെ.എൻ.വിശ്വനാഥൻ നായർ അദ്ധ്യക്ഷത വഹിച്ചു. 15 അംഗങ്ങൾ യോഗത്തിൽ സംബന്ധിച്ചു.



ജില്ലാ പ്രസിഡന്റ് വിശ്വനാഥൻ നായർ. കെ. എൻ

ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം നമ്മെ വിട്ടുപിരിഞ്ഞ അംഗങ്ങളായ റ്റി. ജി. ജാനമ്മ, എം. സി. രാജു, ജീവിത പങ്കാളികളായ കുഞ്ഞമ്മ മോഹൻദാസ്, എം.എ. സ്റ്റീഫൻ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചിച്ചു. അനന്തരം പരേതരുടെ ആത്മശാന്തിക്കായി പ്രർഥനയോടെ ഒരു മിനിട്ട് മൗനം ആചരിച്ചു. തുടർന്നു സെക്രട്ടറി പി എം. ജേക്കബ് സദസ്സിനു സ്വാഗതം ആശംസിച്ചു.



യോഗത്തിൽ പങ്കെടുക്കുന്ന ഭരണസമിതിയംഗങ്ങൾ

അദ്ധ്യക്ഷ പ്രസംഗത്തിൽ ജില്ലാ പ്രസിഡന്റ് കെ. എൻ വിശ്വനാഥൻ നായർ മീറ്റിംഗിന്റെ പരിപാടികൾ വിശദമായി പ്രതിപാദിച്ചു. വിശിഷ്ടാതിഥിയായി യോഗത്തിൽ പങ്കെടുത്ത എറണാകുളം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജോസഫ് പാലയ്ക്കനെ പ്രത്യേകം സ്വാഗതം ചെയ്തു.



എറണാകുളം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി തജാസഫ് പാലയ്ക്കൻ, 2024 സംസ്ഥാന സമ്മേളനത്തിനായി വേണ്ട നിർദ്ദേശങ്ങൾ നൽകി സംസാരിക്കുന്നു.

സെക്രട്ടറി . പി എം ജേക്കബ് റിപ്പോർട്ട് അവതരിപ്പിച്ചു. അസിസ്റ്റന്റ് ട്രഷറർ ഡി.കെ.രാജഗോപാൽ കണക്ക് അവതരിപ്പിച്ചു. രണ്ടും ചർച്ച ചെയ്തു കമ്മിറ്റി പാസാക്കി.



.പി. എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി

എറണാകുളം ഡി.ജി.എസ് ജോസഫ് പാലയ്ക്കൻ 2024 ൽ കോട്ടയത്ത് വച്ച് നടത്താൻ തീരുമാനിച്ചിട്ടുള്ള സംസ്ഥാന വാർഷിക സമ്മേളനത്തിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കി. കോട്ടയം ഡി.ജി.എസ് ഹെൻട്രി ജോൺ നമ്മുടെ സംഘടനയുടെ രണ്ടാം സംസ്ഥാന സമ്മേളനം മുതലുള്ള ആദ്യകാല എ.ജി.എം. റിപ്പോർട്ടും നോട്ടീസുകളും ജോസഫ് പാലയ്ക്കന് കൈമാറി.



കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻറി ജോൺ മുഖ്യ പ്രഭാഷണം നടത്തി.

തുടർന്ന് ഓപ്പൺ ഫോറത്തിൽ ചർച്ചകൾ ആരംഭിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു .

1).എല്ലാ ഏരിയാ കമ്മറ്റികളും യോഗങ്ങൾ സംഘടിപ്പിക്കണം. തിയതിയുംസ്ഥലവുംനിശ്ചയിച്ച്അറിയിക്കണം.

2) ഓണാഘോഷം 2023 സെപ്റ്റംബർ മാസം ആദ്യ ശനിയാഴ്ച്ച നടത്തുവാൻ ധാരണയായി.

3) 2024 ൽ കോട്ടയത്ത് വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുള്ള സംസ്ഥാന വാർഷിക സമ്മേളനത്തിനായി എത്രയും വേഗം ഹാൾ ബുക്ക് ചെയ്യുവാനും വരുന്ന ഓക്ടോബർ മാസത്തിൽ സമ്മേളനത്തിന് ആവശ്യമായ സ്വാഗതസംഘം രൂപീകരിക്കുവാനും തീരുമാനിച്ചു.

തുടർന്ന് ഏരിയാക്കമ്മറ്റികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. യോഗത്തിൽ എ.ജി.എസ് . രാജശേഖരൻ നായർ, വനിതാ സംസ്ഥാന കമ്മറ്റിയംഗം റൈസാ ബീഗം എന്നിവർ സംസാരിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് എം.പി.പുഷ്കരൻ കൃതജ്ഞത പ്രകാശിപ്പിച്ചു. യോഗം ഉച്ചക്ക് ഒരു മണിക്ക് സമാപിച്ചു.

# കൊല്ലം എ.ഒ.യിൽ ഘടനാപരമായ യോഗം

## (Structured Meeting)

എ.ഒ കൊല്ലത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ആദ്യ ക്വാർട്ടർ ഘടനാപരമായ യോഗം 12.06.23 ന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലെ കോൺഫറൻസ് ഹാളിൽ നടന്നു. യോഗത്തിൽ ഡെപ്യൂട്ടി ജനറൽ മാനേജർ സൂര്യനാരായണൻ. എം.ബി അദ്ധ്യക്ഷത വഹിച്ചു. നാല് റീജിയണൽ മാനേജർമാരുൾപ്പെടെ മാനേജ്മെന്റിന്റെ ഭാഗത്ത് നിന്ന് മറ്റ് പത്ത് പേർ പങ്കെടുത്തു. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി എൻ. ഗണപതികൃഷ്ണനായിരുന്നു നമ്മുടെ പക്ഷം നയിച്ചത്. എ.ജി. എസ്. ബി രാമകൃഷ്ണ പിള്ള,, ജില്ലാ പ്രസിഡന്റ് എസ് ഗോപകുമാർ, കൊല്ലം ജില്ലയിൽ നിന്നുള്ള മറ്റ് അഞ്ച് പേർ എന്നിവരായിരുന്നു മറ്റ് പങ്കാളികൾ. യൂണിറ്റ്. സിഎം എച്ച്ആർ, മനോജ് പങ്കെടുത്ത എല്ലാവരെയും സ്വാഗതം ചെയ്തു.



ഡെപ്യൂട്ടി ജനറൽ മാനേജർ സൂര്യനാരായണൻ.എം.ബി അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ . നമ്മുടെ ബാങ്കിന്റെ എക്കാലത്തെയും മികച്ച പ്രകടനത്തെക്കുറിച്ച് ഡിജിഎം തന്റെ അധ്യക്ഷ പ്രസംഗത്തിൽ വിശദമായി വിവരിച്ചു. . നമ്മുടെ സർക്കിളിന്റെയും കൊല്ലം എഒയുടെയും പ്രകടനത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. നിശ്ചിത സമയപരിധിക്കുള്ളിൽ ലോക്കറുകൾക്കുള്ള പുതിയ കരാർ എടുക്കുന്നതിനുള്ള ജോലികൾ പൂർത്തിയാക്കുന്നതിന് അദ്ദേഹം അസോസിയേഷന്റെ സഹായം തേടി. ഡിജിഎം തന്റെ പ്രസംഗത്തിൽ ബാങ്കിന്റെ മൊത്തത്തിലുള്ള വികസനത്തിൽ നമ്മുടെ പങ്കിനെ പ്രശംസിച്ചു.. . നമ്മുടെ അസ്സോസിയേഷന് സാധ്യമായ എല്ലാ പിന്തുണയും നൽകുമെന്നും അദ്ദേഹം ഉറപ്പു നൽകി.



എസ്.ബി.ഐ. മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ കൊല്ലം പ്രതിനിധികളും ബാങ്ക് മാനേജ്മെന്റ് പ്രതിനിധികളും ചർച്ചയിൽ.

ഡിജിഎസ്, ഗണപതി കൃഷ്ണൻ, നമ്മുടെ ബാങ്കിന്റെ മികച്ച പ്രകടനത്തിൽ സന്തോഷം പ്രകടിപ്പിക്കുകയും വരും വർഷങ്ങളിലും ഇതേ പ്രവണത തുടരാൻ ആഗ്രഹിക്കുകയും ചെയ്തു. . നമ്മുടെ അസോസിയേഷന് നൽകിയ പിന്തുണയ്ക്ക് ഡിജിഎമ്മിനും എഒ ഭാരവാഹികൾക്കും അദ്ദേഹം നന്ദി പറഞ്ഞു.

പെൻഷൻകാരുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള "സമാധാൻ പഖ്‌വാദ" എന്ന നവീന സംരംഭത്തിനും അദ്ദേഹം ബാങ്കിനെ പ്രശംസിച്ചു.. ഈ പ്രോഗ്രാം എ.ഒ.യിൽ നടത്തപ്പെട്ടതിനാൽ, മെയ് മാസത്തിൽ പത്തോളം അംഗങ്ങൾ പങ്കെടുക്കുകയും അവരുടെ കേസുകൾ അവതരിപ്പിച്ച് പരിഹാരം തേടുകയും ചെയ്തതിനാൽ, ഈ മീറ്റിംഗിൽ പരിഹരിക്കാൻ നാല് കാര്യങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കാൻ .അതാത് റീജിയണൽ മാനേജർമാർക്കും സിഎം(എച്ച് ആർ) നും ഡിജിഎം നിർദേശം നൽകി.

മാനേജർ, എച്ച്ആർ റീജിയൻ 1 നന്ദി രേഖപ്പെടുത്തി. നമ്മുടെ ഭാഗത്ത് നിന്ന്, കൊല്ലം ജില്ലാ സെക്രട്ടറി ടി സി പുരുഷോത്തമൻ പിള്ള കൃതജ്ഞത പ്രകാശിപ്പിച്ചു. യോഗം 4 മണിക്ക് അവസാനിച്ചു.




# ജി.ഡി.പി. വളർച്ച 7.2 ശതമാനം

രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം (ജി.ഡി.പി.) കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ അവസാന പാദമായ 2023 ജനവരി-മാർച്ച് കാലയളവിൽ 6.1 ശതമാനം വളർച്ച കൈവരിച്ചു. 5.1 ശതമാനം മുതൽ 5.5 ശതമാനം വരെ പ്രതീക്ഷിച്ച സ്ഥാനത്താണ് ഇത്.




ഇതോടെ, ഇന്ത്യൻ സമ്പദ്ഘടന 2022-23 സാമ്പത്തിക വർഷം 7.2 ശതമാനം വളർച്ച നേടി. ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനം 3.3 ലക്ഷം കോടി ഡോളറിന്റെ തായി. അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ അഞ്ച് ലക്ഷം കോടി ഡോളറാണ് കേന്ദ്ര സർക്കാരിന്റെ ലക്ഷ്യം. കൃഷി, നിർമിത മേഖല (മാനുഫാക്ചറിങ്), ഖനനം, നിർമാണ മേഖല എന്നിവയുടെ മികച്ച പ്രകടനമാണ് ജി.ഡി.പി. ഉയരാൻ സഹായിച്ചത്. ദേശീയ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസാണ് (എൻ.എസ്.ഒ.) ജി.ഡി.പി. കണക്കുകൾ പുറ ത്തുവിട്ടത്. 2021-22-ൽ 9.1 ശതമാനമായിരുന്നു വാർഷിക വളർച്ച. 2022-23 സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്നു പാദങ്ങളിൽ വളർച്ച യഥാക്രമം 13.1 ശതമാ നം, 6.2 ശതമാനം, 4.5 ശതമാനം എന്നിങ്ങനെയായിരുന്നു. 2022 ജനവരി -മാർച്ച് പാദത്തിൽ നാലു ശതമാനം മാത്രമായിരുന്നു സാമ്പത്തിക വളർച്ച.

# സെൻസെക്സ വിപണി

BSE
EXPERIENCE THE NEW

# സെൻസെക്സ് വീണ്ടും 63,000 കടന്നു

## 19,000 കടന്ന് നിഫ്റ്റി, സെൻസെക്സ് 64,000 ഭേദിച്ചു

28.06.2023 ബുധനാഴ്ച മുംബൈയിൽ ഓഹരി വിപണി പുതിയ റെക്കോഡിട്ട് കുതിക്കുകയായിരുന്നു. വിദേശനിക്ഷേപക സ്ഥാപനങ്ങൾ വിപണിയിലേക്ക് പണമൊഴുക്കിയതോടെ സെൻസെക്സും നിഫ്റ്റിയും പുതിയ ഉയരങ്ങൾ കുറിച്ചു. നിഫ്റ്റി ആദ്യമായി 19,000 പോ യിന്റ് മറികടന്നു. സെൻസെക്സാവട്ടെ 64,000 പോയിന്റിനപ്പുറത്തെത്തി. അന്താരാഷ്ട്രവിപണിയിൽ അസംസ്കൃത എണ്ണവില വീപ്പയ്ക്ക് 72 ഡോളർ നില വാരത്തിലേക്ക് കുറഞ്ഞതും ഇന്ത്യയുടെ കറന്റ് അക്കൗണ്ട് കമ്മി കുറയുന്നതായുള്ള റിപ്പോർട്ടുകളും വിപണിയിൽ നിക്ഷേപകതാത്പര്യം കൂട്ടി.

വ്യാപാരത്തിനിടെ 19,011.25 പോയിന്റിലെത്തി നിഫ്റ്റിയും 64,050.44 പോയിന്റിലെത്തി സെൻസെക്സും പുതിയ ഉയരം കുറിച്ചു. അവസാന സമയത്ത് നേരിയ തോതിൽ പിൻവലിഞ്ഞെങ്കിലും ഇരു സൂചികകളും വ്യാപാര അവസാനത്തിലും പുതിയ റെക്കോഡിട്ടു. 499.39 പോയിന്റ് നേട്ടവുമായി സെൻസെക്സ് 63,915.42 പോയിന്റിലും നിഫ്റ്റി 154.70 പോയിന്റ് നേട്ടവുമായി 18,972.10 പോയിന്റിലുമാണ് അവസാനിച്ചത്.

# പണപ്പെരുപ്പം വീണ്ടും കുറഞ്ഞു

ഉപഭോകൃതവിലയെ അടിസ്ഥാനമാക്കിയുള്ള രാജ്യത്തെ പണപ്പെരുപ്പ നിരക്ക് മേയിൽ വീണ്ടും കുറ ഞ്ഞു. ഏപ്രിൽ മാസത്തിലെ 4.70 ശതമാനത്തിൽ നിന്ന് 4.25 ശതമാനമായാണ് കുറഞ്ഞത്. 25 മാസത്തിനിടയിലെ ഏറ്റവും കുറഞ്ഞ നിരക്കാണിത്. 2021 ഏപ്രിലിലെ 4.23 ശതമാനമാണ് ഇതി നു മുമ്പുള്ള കുറഞ്ഞ നിരക്ക്. 2022 മേയിൽ 7.04 ശതമാനമായിരുന്നു പണപ്പെരുപ്പം. പണപ്പെരുപ്പം നാലുശതമാനത്തിൽ നിലനിർത്തുകയാണ് ആർ.ബി.ഐ. ലക്ഷ്യമിടുന്നത്.




ഭക്ഷ്യവസ്തുക്കളുടെ വില കുറഞ്ഞതാണ് ഇത്തവണയും പണപ്പെരുപ്പം കുറയാൻ സഹായകമായത്. ഭക്ഷ്യവിലസൂചിക ഏപ്രിലിലെ 8.84 ശതമാനത്തിൽനിന്ന് മേയിൽ 2.81 ശതമാനമായാണ് അത് കുറഞ്ഞത്. പച്ചക്കറിവില മേയിൽ 81 ശത മാനം ചുരുങ്ങി.

## കേരളത്തിൽ വിലക്കയറ്റത്തോത് 4.46%

മേയിൽ കേരളത്തിൽ വില കയറ്റത്തോത് 4.46 ശതമാന മായി താഴ്ന്നു. ഏപ്രിലിലിത് 5.3 ശതമാനമായിരുന്നു. ഗ്രാമീണ മേഖലയിൽ വിലക്കറ്റം ഏപ്രി ലിലെ 5.79 ശതമാനത്തിൽനി ന്ന് 4.53 ശതമാനമായി താണു

# മൊത്തവില പണപ്പെരുപ്പം ഏഴരവർഷത്തെ താഴ്ന്നനിലയിൽ

മുംബൈ മൊത്തവിലയെ അടി സ്ഥാനമാക്കിയുള്ള രാജ്യത്തെ പണപ്പെരുപ്പം (വിലക്കയറ്റത്തോത്) മേയിൽ ഏഴരവർഷത്തെ താഴ്ന്നനിലയിലെത്തി. പൂജ്യത്തിനും താഴെ -3.48 ശതമാനമാണ് മേയിലെ മൊത്ത വില പണപ്പെരുപ്പം. 2015 നവംബറിലെ -3.68 ശതമാനത്തിനുശേഷമുള്ള ഏറ്റവും കുറഞ്ഞ നിരക്കാണിത്. തുടർച്ചയായ രണ്ടാം മാസമാണ് മൊത്തവില പണപ്പെരുപ്പം പൂജ്യത്തിൽ താഴെയാകുന്നത്. ഏപ്രിലിത് -0.92 ശതമാനമായിരുന്നു. മാർച്ചിലിത് 1.34 ശതമാനമായിരുന്നു.



2022 മേയിൽ മൊത്തവില പണപ്പെരുപ്പം 20 വർഷത്തിനിടയിലെ ഉയർന്ന നിലവാരമായ 16.63 ശതമാനത്തിലെത്തിയിരുന്നു. അതിനു ശേഷം തുടർച്ചയായി കുറയുകയാണ്. വില

ക്കയറ്റത്തോത് പൂജ്യത്തിനുതാഴെയായാൽ സാങ്കേതികമായി പണച്ചുരുക്കം (ഡിഫ്ലേഷൻ) എന്നാണ് പറയുക. അതായത് മുൻവർഷം ഇതേകാലത്തെ അപേക്ഷിച്ച് ഉത്പന്നങ്ങളുടെ വില കുറയുന്നുവെന്നർഥം.

ഭക്ഷ്യവസ്തുക്കളുടെ മൊത്തവിലയിലുള്ള വർധന ഏപ്രിലിലെ 0.17 ശതമാനത്തിൽനി ന്ന് മേയിൽ പൂജ്യത്തിനും താഴെ -1.69 ശതമാനമായിട്ടുണ്ട്. ഇന്ധനം, ഊർജം വിഭാഗ ത്തിൽ ഏപ്രിലിലെ 0.03 ശതമാനത്തിൽ നിന്ന് മേയിൽ -9.17 ശതമാനമായി താഴ്ന്നു. റിസർവ് ബാങ്ക് അടിസ്ഥാന പലിശ നിരക്കുകൾ നിർണയിക്കുന്നതിന് പരിഗണിക്കുന്ന ചില്ലറ വിലയെ അടിസ്ഥാനമാക്കിയുള്ള ഉപഭോക്തൃ പണപ്പെരുപ്പം മേയിൽ 25 മാസത്തെ താഴ്ന്നനിലയായ 4.25 ശതമാന ത്തിലെത്തിയിരുന്നു ഭക്ഷ്യവസ്തുക്കളുടെ മൊത്തവില യിലുള്ള വർധന ഏപ്രിലിലെ 0.17 ശതമാനത്തിൽ നിന്ന് മേയിൽ പൂജ്യത്തിനും താഴെ -1.59 ശതമാനമായിട്ടുണ്ട്. ഇന്ധനം, ഊർജം വിഭാഗത്തിൽ ഏപ്രിലിലെ 0.03 ശതമാനത്തിൽ നിന്ന് മേയിൽ -9.17 ശതമാനമായി താഴ്ന്നു..




# വിനിമയത്തിലുള്ള കറൻസിയുടെ വളർച്ചാ വേഗം കുറഞ്ഞു

2023 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷം വിനിമയത്തിലുള്ള കറൻസിയും കറൻസിയുടെ മൂല്യത്തി ലും എണ്ണത്തിലും വളർച്ചയുണ്ടെങ്കിലും വളർച്ചയുടെ വേഗം കുറഞ്ഞും മൂല്യത്തിലുള്ള വളർച്ച 7.8 ശതമാനവും എണ്ണത്തിലുള്ള വർധന 44 മാനവും മാത്രമാണെന്ന് റിസർവ് ബാങ്ക് വ്യക്തമാക്കി.



2021-22 സാമ്പത്തികവർഷ മിത യഥാക്രമം 9.8 ശതമാനം അഞ്ചു ശതമാനം എന്നിങ്ങനെയായിരുന്നു. 2020-21 സാമ്പത്തി കവർഷം മൂല്യത്തിൽ 158 ശതമാനവും എണ്ണത്തിൽ 7.2 ശതമാന വുമായിരുന്നു വർധന.

# നിരക്ക് മാറ്റാതെ ആർ.ബി.ഐ.

മുംബൈ വിലക്കയറ്റം കുറഞ്ഞതു മുൻനിർത്തി തുടർച്ചയായ രണ്ടാം പണനയ യോഗത്തിലും അടിസ്ഥാന പലിശനിരക്കു കൂട്ടാതെ റിസർവ് ബാങ്ക്. വാണിജ്യ ബാങ്കുകൾക്ക് ആർ. ബി.ഐ. നൽകുന്ന വായ്പയുടെ പലി ശയായ റിപ്പോനിരക്ക് 6.50 ശതമാനത്തിൽ നിലനിർത്തി. പലിശ ഇനിയും ഉയരില്ലെന്നതിനാൽ ഭവന -വാഹന വ്യക്തിഗത വായ്പകളെ ടു ത്തിട്ടുള്ളവർക്ക് തീരുമാനം ആശ്വാ സമാകും.

2022 മേയ് മുതൽ ആറുതവണയാ യി ആർ.ബി.ഐ. റിപ്പോ നിരക്ക് 2.50 ശതമാനം വർധിപ്പിച്ചിരുന്നു. ഇതുവഴി വായ്പ തിരിച്ചടവിൽ 23 ശതമാനംവരെ വർധനയുണ്ടായിട്ടുണ്ട്. 2023 ഏപ്രിലിലാണ് നിരക്കുവർധന ആർ.ബി.ഐ. നിർത്തി വെച്ചത്. ഫെബ്രുവരിയിൽ റിപ്പോ നിരക്ക് കാൽശതമാനം ഉയർത്തിയിരുന്നു. പണനയ സമിതിയിലെ ആറംഗങ്ങളും തീരുമാനത്തെ അനുകൂലിച്ചതായി ആർ.ബി.ഐ. ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു.

വിപണിയിലെ പണലഭ്യത നിയന്ത്രിക്കുന്നതിനുള്ള സ്റ്റാൻഡിങ് ഡെപോസിറ്റ് ഫെസിലിറ്റി (എസ്.ഡി.എഫ്.) നി രക്ക് 6.25 ശതമാനത്തിലും മാർജിനൽ സ്റ്റാൻഡിങ് ഫെസിലിറ്റി (എം.എസ്. എഫ്.) നിരക്ക് 6.75 ശതമാനത്തിലും നിലനിർത്തി.

# 75രൂപയുടെ നാണയം പുറത്തിറക്കി

## 75 രൂപ നാണയത്തിന് 1,300 രൂപയോ! എവിടെ നിന്നു വാങ്ങാം? അറിയേണ്ട കാര്യങ്ങൾ




രാജ്യത്തിന്റെ അഭിമാന സ്തംഭങ്ങളിലൊന്നായി മാറാൻ പോകുന്ന പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടനത്തിനോട് അനുബന്ധിച്ച്, പ്രധാനമന്ത്രി നരേന്ദ്ര മോദി പുത്തൻ 75 രൂപ നാണയം പുറത്തിറക്കുന്നു.

ഇന്ത്യയിൽ ആദ്യമായി 75 രൂപയുടെ നാണയം പുറത്തിറക്കി.. 2023 മെയ് 28- ന് ആണ് പ്രധാനമന്ത്രി നരേന്ദ്ര മോദി പുതിയ 75 രൂപ കോയിൻ അവതരിപ്പിച്ചത്. പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് പ്രത്യേക സ്മരണാർത്ഥം പുറത്തിറക്കിയ കോയിൻ, 2000 രൂപ നോട്ട് പിൻവലിക്കലിന് ശേഷം പുറത്തിറക്കുന്ന ആദ്യ ഡിനോമിനേഷൻ കൂടിയാണ്. ധനമന്ത്രാലയത്തിന് കീഴിലുള്ള സാമ്പത്തികകാര്യ വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം പുതിയ 75 രൂപ കോയിന്റെ ഭാരം ഏകദേശം 34.65- 35.35 ഗ്രാം ആണ്. അതേസമയം നാല് ലോഹങ്ങളുടെ സങ്കരം ഉപയോഗിച്ച് നിർമ്മിക്കുന്ന നാണയത്തിന്റെ വിലയാണ് ഇപ്പോൾ ഏറെ ചർച്ച ചെയ്യപ്പെടുന്നത്.. പൊതുവിപണിയിൽ ലഭ്യമല്ല. നേരത്തേ ബുക്ക് ചെയ് തവർക്ക് മാത്രമെ നാണയം ലഭിക്കുകയുള്ളു.



പുതിയ പാർലമെന്റ് മന്ദിരം

ഇതൊരു ചരിത്രത്തിന്റെ ഏടാണ്. ചരിത്ര നിമിഷത്തെ അടയാളപ്പെടുത്തുന്നതിനൊപ്പം സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന രാജ്യത്തിനോടുള്ള ബഹുമാനസൂചകം കൂടെയാണ് 75 രൂപയുടെ പ്രത്യേക നാണയം പുറത്തിറക്കുന്നത്. ഇതിനു മുമ്പും ചില പ്രത്യേക നാണയങ്ങൾ സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ഇത് അത്തരം ഇവന്റുകളുടെ സ്മരാണർത്ഥം ആണ്. ഇത്തരം സ്മാരക നാണയങ്ങൾ പൊതുവിപണിയിൽ ക്രയവിക്രയത്തിനുള്ളതല്ല. അതിനാൽ തന്നെ 75 രൂപ നാണയവും പൊതുവിപണിയിൽ എത്തില്ല. ഇവ ഇടപാടുകൾക്ക് ഉപയോഗിക്കാൻ സാധിക്കില്ല. 1964 മുതൽ ഏകദേശം 150 ഓളം സാമാരക നാണയങ്ങൾ ഇന്ത്യ പുറത്തിറക്കിയിട്ടുണ്ട്. സ്മാരക നാണയങ്ങൾ വാങ്ങാൻ ആഗ്രഹിക്കുന്നവർ സർക്കാർ വെബ്സൈറ്റായ **www.indiagovtmint.in** സന്ദർശിക്കേണ്ടതുണ്ട്. ഇവിടെ നിങ്ങൾക്ക് ഇത്തരം പ്രത്യേക നാണയങ്ങളും അവയുടെ വാങ്ങാൽ വിലയും കാണാം. ഒരു ഡെബിറ്റ് അല്ലെങ്കിൽ ക്രെഡിറ്റ് കാർഡ് അല്ലെങ്കിൽ ഡിമാൻഡ് ഡ്രാഫ്റ്റുകൾ ഉപയോഗിച്ച് ഇവ വാങ്ങാം. സ്മാരക നാണയങ്ങൾക്ക് പണവും ചെക്കും സ്വീകരിക്കില്ല. കൂടാതെ 10 നാണയങ്ങളിൽ കൂടുതൽ വാങ്ങണമെങ്കിൽ ഉപയോക്താക്കൾ പാൻ നമ്പർ നൽകേണ്ടതുണ്ട്? നിർമാണത്തിന് ഉപയോഗിച്ചിരിക്കുന്ന ലോഹങ്ങളും, തൂക്കവും കണക്കാക്കുമ്പോൾ 1,300 രൂപയോളം വില വരാമെന്നു ബുള്ളിയൻ ജുവലേഴ്സ് അസോസിയേഷൻ പ്രസിഡന്റ് യോഗേഷ് സിംഗാൾ പറയുന്നു.

# ആർബിഐ ഡെപ്യൂട്ടി ഗവർണറായി എസ്ബിഐ എംഡി എസ്.ജാനകിറാം



സ്വാമിനാഥൻ ജാനകിറാം

എസ്ബിഐ മാനേജിങ് ഡയറക്ടർ സ്വാമിനാഥൻ ജാനകിരാമനെ ആർബിഐ ഡെപ്യൂട്ടി ഗവർണറായി നിയമിച്ചു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാനേജിങ് ഡയറക്ടറായ ജാനകിരാമൻ നിലവിൽ ഡെപ്യൂട്ടി ഗവർണറായ മഹേഷ് കുമാർ ജെയിനിന്റെ കാലാവധി ജൂൺ 22ന് അവസാനിച്ചതോടെ ചുമതലയേറ്റു..

# 2000 രൂപ നോട്ടുകൾ എസ്ബിഐക്ക് നിക്ഷേപമായി ലഭിച്ചത് 14,000 കോടി രൂപ



പണം നിക്ഷേപിക്കാനും കൈമാറാനും തിരക്ക്

2000 രൂപ നോട്ടുകൾ പിൻവലിക്കുന്നതായി വാർത്ത വന്നതോടെ എസ്ബിഐയിലേക്ക് നിക്ഷേപമായി ഒഴുകിയത് 14,000 കോടി രൂപയിലധികം. ആളുകൾ മാറി എടുത്ത 2000 രൂപ നോട്ടുകളുടെ മൂല്യം 3000 കോടി രൂപയിലധികമാണ്. പണം നിക്ഷേപിക്കാനും കൈമാറാനും സെപ്റ്റംബർ 30 വരെ സമയം ഉണ്ടെന്നിരിക്കെ തുക ഇനിയും കുത്തനെ ഉയരും.

# കടപ്പത്രങ്ങളിലൂടെ 50,000 കോടി സമാഹരിക്കാൻ എസ്.ബി.ഐ.

എസ്.ബി.ഐ. നടപ്പുസാമ്പത്തികവർഷം ആഭ്യന്തര അന്താരാഷ്ട്ര വിപണികളിൽ നിന്ന് കടപ്പത്രങ്ങൾവഴി 50,000 കോടി രൂപവരെ സമാഹരിക്കും. വെള്ളിയാഴ്ച നടന്ന ബാങ്കിന്റെ സെൻട്രൽബോർഡ് യോഗത്തിലാണ് തീരുമാനം. ദീർഘകാല കടപ്പത്രങ്ങൾ, ബേസൽ 3 വിഭാഗത്തിലുള്ള ടയർ 1, ടയർ 2 കടപ്പത്രങ്ങൾ എന്നിവവഴിയാകും ധനസമാഹരണം. രൂപയിൽ അല്ലെങ്കിൽ വിദേശ കറൻസിയിൽ കടപ്പത്രങ്ങളിറക്കുമെന്ന് ബാങ്ക് വ്യക്തമാക്കിയിട്ടുണ്ട്.

നിക്ഷേപവളർച്ചയേക്കാൾ വായ്പവളർച്ച ഉയർന്നുനിൽക്കുന്ന സാഹചര്യത്തിലാണ് മൂലധനസ മാഹരണം നടത്തുന്നത്. 2022 മേയ് മാസത്തിനു ശേഷം പലിശനിരക്കിൽ 2.50 ശതമാനത്തിന്റെ വർധനയുണ്ടായെങ്കിലും രാജ്യത്ത് വായ്പവളർച്ച 15 ശതമാനത്തിനുമുകളിൽ തുടരുകയാണ്. എന്നാൽ നിക്ഷേപങ്ങളിലുള്ള വളർച്ച പത്തുശതമാനത്തിനടുത്താണ്.

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ

## ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ 2023 ജൂൺ മാസത്തിലെ ഭരണ സമിതി യോഗം 9 – ാം തീയതി വെള്ളിയാഴ്ച്ച പ്രസിഡന്റ് എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ നടന്നു. താഴെ കൊടുത്തിരിക്കുന്ന ബോർഡ് മെംബേഴ്സ് പങ്കെടുത്തു.

1. എം.ജി.രാഘവൻ
2. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ (ഓൺലൈൻ)
3. എൻ.സി.മാത്യു
4. റൈസാ ബീഗം
5. .പി.എം. ജേക്കബ്ബ്
6. ആച്ചിയമ്മ എബ്രഹാം
7. എ.എൻ.രാജൻ
8. തോമസ് ഫിലിപ്പ്
9. സിറിൽ ജോസ്.റ്റി.
10. ത്രേസ്യാമ്മാ ആന്റണി (ഓൺലൈൻ)
11. ഗോപകുമാർ. എൻ
12. കെ.എൻ. വിശ്വനാഥൻ നായർ (പ്രത്യേക ക്ഷണിതാവ്)

ഭരണ സമിതി അംഗം റൈസാ ബീഗം സ്വാഗതം ആശംസിച്ചു. തുടർന്ന് സെക്രട്ടറി ത്രേസ്യാമ്മ ആന്റണിയ്ക്ക് വേണ്ടി ഭരണ സമിതി അംഗം പി.എം. ജേക്കബ്ബ് കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് യോഗത്തിൽ അവതരിപ്പിച്ചു. യോഗം മിനിട്സ് അംഗീകരിച്ചു.

2023 മേയ് 31 വരെയുള്ള മാസാന്ത്യ കണക്കുകൾ ജോ. സെക്രട്ടറി സിറിൽ ജോസ്.റ്റി. യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.

## സൊസൈറ്റി

# ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2023 ജൂൺ മാസത്തിലെ നറുക്കെടുപ്പ് 9–ാം തീയതി വെള്ളിയാഴ്ച്ച നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരു വിവരം യോഗത്തെ അറിയിച്ചു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

| ക്ര. നം. | ജി.ഡി.സി.എസ്. നം. | സല (രൂപ) | ചിറ്റാളൻ നം. | പേര് |
|---|---|---|---|---|
| 1 | XI | 100,000 | 5 | സുകുമാരൻനായർ.കെ.കെ. |
| 2 | XII | 100,000 | 9 | മറിയാമ്മ പി.സി. |
| 3 | XIII | 100,000 | 23 | ഹെൻട്രി ജോൺ. |
| 4 | XIV | 100,000 | 12 | ജ്യോതികുമാരി.എൻ.കെ. |
| 5 | XV | 100,000 | 20 | കാഞ്ചനവല്ലി.എം.എം. |
| 6 | XVI | 100,000 | 22 | മുരളീധരൻ.കെ.കെ. |
| 7 | XVII | 100,000 | 6 | രാജഗോപാലൻ.പി.എൻ |

നറുക്ക് ലഭിച്ചവർക്ക് 2023 ജൂലായ് മാസം 14–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 13–ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു. ക്ലെയിം

ചെയ്യുന്നതിനുള്ള അപേക്ഷാ ഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് സെക്രട്ടറി ത്രേസ്യാമ്മ ആന്റണിയെ വിളിക്കുക. **9446322416**

## പുതിയ അംഗങ്ങൾ

### സി ക്ലാസ്സ്

'സി' ക്ലാസ്സ് അംഗത്വത്തിന് ഇത്തവണ 5 അപേക്ഷകൾ പരിഗണിച്ചു. അപേക്ഷകർക്ക് "സി" ക്ലാസ് അംഗത്വം നല്കുന്നതിന് തീരുമാനമായി.

1. മഹേഷ് രാഘവൻ
2. കെ.ജി. രാജൻ
3. പി.ടി. അന്നക്കുട്ടി
4. പ്രമീള അപ്പുക്കുട്ടൻ
5. മേരി ചെറിയാൻ

**നവാഗതർക്ക് സ്വാഗതം!**

## 17-ാമത്തെ 100,000 രൂപയുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു

100000 രൂപ സല വരുന്ന 40 മാസം കൊണ്ട് തീരുന്ന 2500 രൂപ പ്രതിമാസ തവണകൾ വരുന്ന പുതിയ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്. ജി.ഡി.സി. എസിൽ ചേരാൻ സ്വയം മുന്നോട്ട് വന്ന് ഓഫീസ് സെക്രട്ടറിയുമായി ബന്ധപ്പെട്ട് അപേക്ഷയും സ്റ്റാന്റിങ്ങ് ഇൻസ്ട്രക്ഷനും തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇതര വിഷയങ്ങളിൽ സെക്രട്ടറി അവധിയിലായിരിക്കുന്ന വേളകളിൽ ജോയിന്റ് സെക്രട്ടറി സിറിൽ ജോസ്.ടി. ഔദ്യോഗിക ചുമതലകൾ നിവഹിക്കുന്നതിന് ബോർഡ് അംഗീകാരം നല്കി.

കാരിത്താസ് ഹോസ്പിറ്റലുമായി സഹകരിച്ച് വയോജന പരിപാലന കേന്ദ്രം തുടങ്ങുന്നതിന് ഒരു പ്രോജക്റ്റ് തെള്ളകത്ത് വരുന്ന കാര്യം എൻ.സി. മാത്യു അറിയിച്ചു. ഈ പ്രോജക്റ്റിന്റെ സാദ്ധ്യതകളേപ്പറ്റി വിവരം ശേഖരിച്ച് അറിയിക്കുവാൻ അംഗങ്ങളെ ചുമതലപ്പെടുത്തി. .ഭരണ സമിതി അംഗം തോമസ് ഫിലിപ്പിന്റെ നന്ദി പ്രകാശനത്തോടെ യോഗം പര്യവസാനിച്ചു.

# യുകെ ട്രാവൽ ഡയറി

## ആരംഭിക്കുന്നു

## ഭാഗം 1



**മാത്യു അടക്കാമുണ്ടക്കൽ**

പ്രിയപ്പെട്ട എം ജി ആർ

ഒയാസിസിന്റെ മേയ ലക്കം മനോഹരമായിരിക്കുന്നു അഭിനന്ദങ്ങൾ।
യൂക്കെ ഡയറിയിലെ യാത്ര കുറിപ്പുകൾ പ്രസിദ്ധീകരിച്ചിരിക്കുന്നത് കണ്ടു. നന്ദി ,നമ്മുടെ ജനറൽ സെക്രട്ടറി എ.ജയകുമാർ വിളിച്ചിരുന്നു ,വിവരണം നന്നായിരിക്കുന്നു വെന്ന് പറഞ്ഞു . അത്ര നല്ല നിലവാരം ഇല്ലെന്ന് അറിയാം എങ്കിലും അദ്ദേഹം അത് വായിക്കാൻ മെനക്കെട്ടല്ലോ എന്ന് അറിഞ്ഞതിൽ സന്തോഷം .

ക്രോയിഡണിൽ എത്തിയ വിവരം കഴിഞ്ഞ കത്തിൽ സൂചിപ്പിച്ചിരുന്നു . യാത്രാ ക്ഷീണം കൊണ്ട് അന്ന് നന്നായി ഉറങ്ങി ,ഡുവേറ്റ്സ് പുതച്ചിരുന്നത് കൊണ്ട് തണുപ്പ് അറിഞ്ഞതേയില്ല . തണുപ്പ് കൂടുമ്പോൾ ഡബിൾ സൈഡ് ഉള്ള ഇലക്ട്രിക് പുതപ്പ് ഉപയോഗിക്കും കൂടാതെ ഹീറ്റിങ്ങും . ഇപ്പോൾ എനർജി ചാർജ് നേരെ ഇരട്ടി ആക്കിയിരിക്കുന്നത്കൊണ്ട് ഹീറ്റിങ് കുറച്ചു സൂക്ഷിച്ചു ഉപയോഗിക്കണം. .രാവിലെ നാല് മണിക്ക് നേരം വെളുക്കും .നഗരം ഒന്ന് ചുറ്റി കാണണമെന്ന് ഉറപ്പിച്ചിരുന്നു . പല ദിവസങ്ങൾ കൊണ്ട് ആകാമെന്ന് തീരുമാനിച്ചു . ക്രോയിഡന്റെ ചരിത്രപശ്ചാത്തലം പറഞ്ഞുകൊണ്ട് തുടങ്ങാം

## ക്രോയ്ഡൺ

ലണ്ടൻ നഗരത്തിന് തെക്ക് 15 കി.മീ.അകലെ സ്ഥിതിചെയ്യുന്ന ക്രോയിഡന് നൂറ്റാണ്ടുകൾ പഴക്കമുള്ള ചരിത്രമുണ്ട് . ഒരു കാലത്തു ഇതൊരു കച്ചവട നഗരമായിരുന്നു..പഴയതിന്റെ തനിമയും പുതിയതിന്റെ പ്രൗഢിയും നിലനിർത്തിയിട്ടുണ്ട്



ക്രോയിഡൻ സെൻട്രൽ റോഡ് മീഡിയന് മുന്നിൽ ഭാര്യ ത്രേസ്യാമ്മ ആന്റണി



സെൻട്രൽ ക്രോയ്ഡൻ



താമസ സ്ഥലം

എ.ഡി.1086 മുതൽ ഈ സ്ഥലം അറിയപ്പെടാൻ തുടങ്ങി ഹെൻറി VIII-ാമൻ രാജാവ് ഇവിടം സന്ദർശിച്ചതായി രേഖകളിൽ കാണുന്നുണ്ട്. കൂടാതെ പല കാന്റബറി ആർച്ചുബിഷപ്പ് മാരെയും അടക്കിയ കല്ലറകളും ഉണ്ട്. .മദ്ധ്യ കാലഘട്ടം മുതൽ ആണ് നഗരം വളരാൻ തുടങ്ങിയത്. മരക്കരി ഉൽപ്പാദനം, തോൽ സംസ്കരണം, ,മദ്യവാററ് എന്നിവ ആയിരുന്നു പ്രധാനപ്പെട്ട വ്യവസായങ്ങൾ. 1803 ൽ റെയിൽ വേയുടെ വരവോടെ നഗരം വളർച്ചയുടെ പാതയിലായി

,ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശയിൽ ഒരു വ്യവസായ നഗരമായി മാറി കാർ നിർമ്മാണ കേന്ദ്രങ്ങൾ പ്രത്യക്ഷപ്പെട്ടു .ഈ കാലഘട്ടത്തിലാണ് ഇവിടെ എയർപോർട്ട് ഉണ്ടായത് . രണ്ടാം ലോകമഹായുദ്ധം വരെ ഈ എയർപോർട്ട് ആയിരുന്നു യുക്കെയിലെ ഏറ്റവും വലുത് , ജർമൻ ബോംബ് ,റോക്കറ്റ് ആക്രമണത്തിൽ നഗരത്തിനു വലിയ നാശനഷ്ട്ടമുണ്ടായി , എയർപോർട്ടട്ടിനും കേട് പാടുകൾ സംഭവിച്ചു. അതിന് പകരമായി ഹീത്രൂ പ്രധാന എയർപോർട്ടായി വളർന്ന് വന്നു. .ചില്ലറ വിൽപ്പന ശാലകൾ,, ഓഫീസ് സമുച്ഛയങ്ങൾ, വിറ്റ് ഗിഫ്റ്റ് സെന്ററുകൾ പോലുള്ള വൻകിട ഷോപ്പിംഗ് സെന്ററുകൾ ഇവകളുടെ വരവോടെ ക്രോയിഡൺ ഒരു പ്രധാന നഗര കേന്ദ്രമായി പരിണമിച്ചു. ജനസംഖ്യ നാല് ലക്ഷം വരും.





പുള്ളോവേറും കോട്ടും തൊപ്പിയും ധരിച്ചിട്ടും തണുപ്പിന് കുറവില്ല

രാവിലെ 11 മണി ആയിട്ടും ശക്തിയായ കാറ്റ് വീശി കൊണ്ടിരുന്നു. പുള്ളോവേറും കോട്ടും തൊപ്പിയും ധരിച്ചിട്ടും തണുപ്പിന് കുറവില്ല! . എത്ര ഉഷ്ണമായാലും നമ്മുടെ നാട് ഇതിലും എത്ര ഭേദം എന്ന് തോന്നിപ്പോയി ,

ഡിസംബർ - ജനുവരി മാസങ്ങളിലെ സ്ഥിതി ഇതിലും മോശം എന്ന് പറഞ്ഞ് കേട്ടപ്പോൾ ഇതൊക്കെ എങ്ങനെ സഹിക്കുമെന്നു വിചാരിച്ചു പോയി .

## ക്രോയ്ഡോൺ ക്ലോക്ക്ടവർ

ഞങ്ങൾ താമസിക്കുന്ന ഫ്ലാറ്റിൽ നിന്ന് 100 മീറ്റർ അകലെ കൃത്റിൻ സ്ട്രീറ്റിൽ ആണ് പ്രസിദ്ധമായ ക്രോയിഡൻ ക്ലോക്ക് ടവർ . അങ്ങോട്ടാണ് പ്രഥമ സന്ദർശനം. .ഇവിടെ മ്യൂസിയവും സെൻട്രൽ ലൈബ്രറിയും മറ്റ് കലാ സാഹിത്യ കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നു അതിന്റെ വാസ്തുവിദ്യയിൽ ആരും ആകൃഷ്ടനാകും. ,പുരാതന പുരാവസ്തുക്കൾ മുതൽ ആധുനിക ആർട്ട് എക്സ്ബിഷനുകൾ വരെ അവിടെ ഒരുക്കിയിട്ടുണ്ട്



ക്രോയ്ഡോൺ ക്ലോക്ക്ടവർ

## സറേ സ്ട്രീറ്റ് മാർക്കറ്റ്

ക്രോയിഡണിലെ ഒരു പ്രധാനപ്പെട്ട മാർക്കറ്റ് ആണ് സറേ മാർക്കറ്റ് യുകെയിലെ ഏറ്റവും പഴക്കം ചെന്ന മാർക്കറ്റാണ്. ഇത് ഞങ്ങളുടെ നിത്യ സന്ദർശന സ്ഥലമായി മാറി. AD 1276 മുതൽ ഇത് പ്രവർത്തിച്ചു പോരുന്നു. പഴങ്ങളും പച്ചക്കറിയും ഇവിടെ വിൽക്കുന്നു ,ആഴ്ചയിൽ ആറു ദിവസം പ്രവർത്തിക്കുന്നു .



സറേ സ്ട്രീറ്റ് മാർക്കറ്റ്



സുറെ മാർക്കറ്റ് ദൃശ്യങ്ങൾ

## ഹൈ സ്ട്രീറ്റ്  മാർക്കറ്റ്

അതിന്റെ അടുത്ത് തന്നെയാണ് ഹൈസ്ട്രീറ്റ് മാർക്കറ്റ്. വിശാലമായ തെരുവ് , രണ്ട് വശത്തും പ്രൈം മാർക്ക്, നെക്സ്റ്റ് എന്നീ പ്രമുഖ കമ്പനികളുടെ കടകൾ സെൻട്രാലെ, ,വിറ്റ് ഗിഫ്റ്റ് എന്നിവയുടെ ഷോപ്പിംഗ് മാളുകളും കാണാം. തുണിത്തരങ്ങൾ വളരെ ന്യായമായ വിലയ്ക്ക്  ലഭിക്കും . ഇവിടെ വാഹന ഗതാഗതം നിരോധിച്ചിരി ക്കുകയാണ്




,

ഹൈ സ്ട്രീറ്റിലെ ദൃശ്യങ്ങൾ

ബാർക്ലെയ്സ് ,ലോയ്ഡ് , നാറ്റ് വെസ്റ്റ് എന്നി ബാങ്ക്കളുടെ ബ്രാഞ്ചുകൾ , റോയൽ പോസ്റ്റോഫീസ്  റെസ്റ്റോറന്റുകൾ, പബ്കൾ എന്നിവയും ഇവിടെ കാണാം .എപ്പോഴും നല്ല തിരക്കാണ് ഇരുന്ന് വിശ്രമിക്കാനും സല്ലപിക്കാനും

ഇരിപ്പിടങ്ങൾ ഉണ്ട് .സാമാന്യം തണുപ്പ് ഉണ്ടായിരുന്നതു കൊണ്ട് അവിടെ അധിക സമയം ചിലവഴിക്കാൻ തോന്നിയില്ല .



ഹൈ സ്ട്രീറ്റിന് മുന്നിൽ

എങ്കിലും പ്രൈ മാർക്കിൽ സന്ദർശനം നടത്തി. .രണ്ട് വിശാല മായ നിലകൾ പൂർണമായും സ്ത്രീകളുടെയും പെൺകുട്ടി കളുടെയും ഡ്രസ്സ് മെറ്റീരിയൽസും ഡ്രെസ്സുകൾ , സൗന്ദര്യ വർധക സാധനങ്ങൾ, ഫാഷൻ ഷൂകൾ, ,ചെരിപ്പ്, , ബാഗുകൾ, വിന്റർ ക്ലോത്തിങ്സ് മുതലായവയുടെ ഷോറൂമാണ്,




ഒരു നിലയിൽ പുരുഷന്മാർക്ക് ആവശ്യമുള്ളവ ഒരുക്കിയിട്ടുണ്ട് ഞങ്ങൾക്ക് ഒന്ന് കറങ്ങി തീർക്കാൻ രണ്ട് മണിക്കൂർ കൂടുതലെടുത്തു . , പിന്നീട് പല തവണയും അവിടെ സന്ദർശിച്ചു . ഇവ കൂടാതെ വിവിധ സൂപ്പർ മാർക്കറ്റുകൾ നിരവധി ഷോപ്പിങ് സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുന്നു. അതിൽ ശ്രദ്ധേയമായ സുപ്പെർമാർക്കെറ്റ് കൾ ആണ് ടെസ്കോ ,സൈൻസ്ബറി ,ലീഡിൽ ,ഐസ് ലാൻഡ് , പൗണ്ട് ലാൻഡ് .പലചരക്ക് മുതൽ എല്ലാ നിത്യോപയോഗ സാധനങ്ങൾ ,വീട്ടു ഉപകരണങ്ങൾ വരെ വേഗത്തിൽ കണ്ടെത്താവുന്ന രീതിയിൽ ഷെൽപുകളിൽ ക്രമീകരിച്ചിരിക്കുകയാണ്. എടുത്ത സാധനങ്ങൾ ബില്ലിംഗ് മിഷിനിൽ സ്വയം സ്കാൻ ചെയ്ത് കാർഡ് വഴി പേയ്മെന്റ് കൊടുക്കണം , ആദ്യമൊക്കെ പ്രയാസം തോന്നി ഇപ്പോൾ അത് വളരെ എളുപ്പമാണ് , നമ്മളെ സഹായിക്കാൻ ആളുണ്ട് .ചില മിഷിനുകളിൽ ക്യാഷ് ഇടാം , ക്യാരി ബാഗിനും പണം കൊടുക്കണം . വളരെ അപൂർവമായിട്ടെ കളിപ്പീക്കൽ നടക്കു .

ഞങ്ങൾ ക്രോയിഡണിൽ എത്തിയ സമയത്തെ താപ നില 10 മുതൽ 15 ഡിഗ്രി സെൽഷ്യസ് ആയിരുന്നു . പാർക്കിലൂടെ നടക്കാനും പ്രകൃതി സൗന്ദര്യം ആസ്വദിക്കാനും പല ദിവസങ്ങളിലും സാധിച്ചു .ചെടികൾ പൂത്തുനിൽക്കുന്നത് കാണാൻ എന്ത് രസമായിരുന്നു . മെയിൻ സ്ട്രീറ്റിലെ മീഡിയനുകളിലും പോലും വൈവിധ്യമാർന്ന പൂക്കൾ .



മെയിൻ സ്ട്രീറ്റിലെ മീഡിയനുകളിലും പോലും
വൈവിധ്യമാർന്ന പൂക്കൾ

മരങ്ങളുടെ ഇലകൾക്ക് വിത്യസ്ത നിറങ്ങൾ. .ഞങ്ങൾ തമസിക്കുന്നതിന് സമീപത്ത് ക്യൂൻസ് ഗാർഡനും പാർക്ക് ഹില്ലും എന്നി രണ്ട് പാർക്കുകൾ ആണ് ഉള്ളത് അതിൽ പാർക്ക് ഹിൽ ആണ് വലുത് .

## പാർക്ക് ഹിൽ

നന്നായി വെട്ടി ഒരുക്കിയിരിക്കുന്ന പുൽത്തകിടികൾ , വാക് വേ , സൈക്കിൾ ട്രാക്കുകൾ , വിശ്രമിക്കാൻ ഇരിപ്പിടങ്ങൾ ,ടെന്നീസ് ,ബാസ്കറ്റ്ബാൾ കോർട്ട്കൾ ,കുട്ടികൾക്ക് കളിയ്ക്കാൻ ഇടം , മുട്ടിന് മുട്ടിന് വെയിസ്റ് നിക്ഷേപിക്കാൻ ബിന്നുകൾ ഇവ എല്ലാം പാർക്കിൽ സജ്ജികരിച്ചിരിക്കുന്നു . പട്ടികളെ നടത്താൻ കൊണ്ടുവരുന്നത് ഒരു പ്രത്യേക

കാഴ്ചയാണ് പട്ടികളോടുള്ള ഇവരുടെ സ്നേഹം നമ്മെ അത്ഭുതപ്പെടുത്തും. ഇവിടെ ഒരു പട്ടിയായി ജനിച്ചാൽ മതിയായിരുന്നുവെന്ന് നമുക്ക് തോന്നിപോകും .



പാർക്ക് ഹിൽ

## ക്വീൻസ് പാർക്ക്



മികച്ച യാത്ര സൗകര്യങ്ങൾ ആണ് ഇവിടെ ഉള്ളത് .ക്രോയിഡൻ ഈസ്റ്റ് റെയിൽവേ സ്റ്റേഷൻ ലണ്ടനിലുട നീളമുള്ള വിവിധ സ്ഥലങ്ങളിലേക്ക് ബന്ധിപ്പിക്കുന്ന ഒരു പ്രധാന ഗതാഗത കേന്ദ്രമായി വർത്തിക്കുന്നു .സൗത്ത് ലെണ്ടനിൽ ട്രാം സർവീസ് ഉള്ള ഏക നഗരം ക്രോയിഡൻ ആണ് .വളരെ കാര്യക്ഷമമായി ട്രാമുകൾ ഓടുന്നു. ഞാൻ ട്രാമിൽ കയറി തെരുവികളിലൂടെ ചുറ്റികറങ്ങിയപ്പോൾ ആധുനികതയുടെയും പൈതൃകത്തിന്റെയും വിത്യസ്ത കാഴ്ച്ചകൾ കണ്ടു രസിച്ചു ഇരുന്നപ്പോയി.




കാര്യക്ഷമമായ ട്രാം സൗകര്യം

## ക്രോയിഡണിലെ ഡബിൾ ഡെക്കർ ബസുകൾ

ചുവന്ന പുറംഭാഗങ്ങളുമായി രൂപ കല്പന ചെയ്തിരിക്കുന്ന ഈ ബസുകൾ ഇവിടുത്തെ പ്രധാന ഗതാഗത മാർഗ്ഗം മാത്രമല്ല നഗരത്തിന്റെ മനോഹാരിതയുടെ പ്രതീകം കൂടിയാണ് . ഒരു ബഹളവും മത്സരവും ഇല്ലാതെ ഒഴുകി നീങ്ങുന്ന ബാസ്കൾ ഓടിക്കുന്നത് പുരുഷന്മാർ മാത്രമല്ല സ്ത്രീകളും ഉണ്ട് എത്ര അനായാസം അവർ കൈകാര്യം ചെയ്യുന്നു . ബസിൽ ഡ്രൈവർ മാത്രമേയുള്ളു, കാർഡ് സൈ്വപ്പ് ചെയ്തു വേണം കയറാൻ ആർക്കും ഒരു തിരക്കില്ല .നാട്ടിലെ കാര്യം ഓർത്തപ്പോൾ എനിക്ക് അത്ഭുതം തോന്നി . റോഡ് മുറിച്ചു കടക്കുന്നത് കണ്ടാൽ അവർ വണ്ടി നിറുത്തി കടന്ന് പോകാൻ ആംഗ്യം കാണിക്കും .




ഡബിൾ ഡെക്കർ ബസ്

പെഡസ്ട്രിയൻസിനോട് എല്ലാ വർക്കും ബഹുമാനമാണ് .ട്രാഫിക് ജംഗ്ഷനിൽ ക്രോസ്സ് ചെയ്യാൻ പോസ്റ്റിൽ ഒരു ബട്ടൺ ഞെക്കണം അപ്പോൾ തന്നെ വെയിറ്റ് ചെയ്യാൻ ആവശ്യപ്പെടും താമസിയാതെ മുറിച്ചു കടക്കാനുള്ള ഇൻഡിക്കേറ്റർ തെളിയും .



മകൻ അമൽ

ദിവസങ്ങൾ കടന്നുപോയത് അറിഞ്ഞില്ല .വൈവിധ്യമാർന്ന അനുഭവങ്ങൾ ആണ് ക്രോയിഡൻ എനിക്ക് സമ്മാനിച്ചത്

.സമ്പന്നമായ ചരിത്രവും ചുടുലമായ വിപണികളും ഹരിത ഇടങ്ങളും ഉള്ള ഈ നഗരം ലണ്ടൻ നഗര പ്രാന്തം എന്നതില് ഉപരിയാണെന്ന് ഞാൻ മനസിലാക്കി . കണ്ടതും കേട്ടതുമായ ഒരു പാട് കാര്യങ്ങൾ എഴുതണമെന്നുണ്ട് അതിന് സമയം അനുവദിക്കുന്നില്ല . ഇനി അടുത്ത സ്ഥലം ചെസ്റ്റർ ആണ് അങ്ങോട്ട് ഞങ്ങളെ കുട്ടിക്കൊണ്ടുപോകുവാൻ മകൻ അമൽ മെയ് മാസം രണ്ടാം തീയതി ഇവിടെ എത്തി. അന്ന് തന്നെ ഞങ്ങൾ എല്ലാവരും കുടി ലോണ്ടനിലെ ക്യാനറി വാർഫ് സന്ദർശിക്കാൻ പോയി .

## ക്യാനറി വാർഫ്



**മകൾ ആര്യയോടൊപ്പം ക്യാനറി വാർഫിൽ**

ഇത് ലണ്ടന്റെ ഭാഗമാണ് ലണ്ടൻ ബോറൂയിൽ അയില് ഓഫ് ഡോഗ്സ് നടുത്താണ് സ്ഥിതിചെയ്യുന്നത് . 1980 വരെ ഏറ്റവും തിരക്കേറിയ ഡോക്ക് ആയിരുന്നു . പഞ്ചസാര , റം കോഫീ മുതലായവ കരീബിയൻ ദ്വിപുകളിൽ നിന്നും കയറ്റി ഇറക്കി കൊണ്ടിരുന്നു. കച്ചവടം ക്ഷയിച്ചതോടെ ഒരു വലിയ ബിസിനസ് ,ധനകാര്യ സെന്റർ ആയി മാറ്റി . ഇവിടെയാണ് യുകെയിലെ പൊക്കം കൂടിയ കെട്ടിടങ്ങൾ , കാനഡ സ്‌ക്വയർ ( 235മീറ്റർ ) ലാൻഡ്മാർക് പിനാക്കിൾ ( 233 മീറ്റർ ) ന്യൂ ഫൗണ്ട്ലൻഡ് ( 220 മീറ്റർ ) എന്നിവ . എച് എസ് ബിസി , ബാർക്ലെയ്സ് , ജെ പി മോർഗൻ ,ബാങ്ക് ഓഫ് അമേരിക്ക എന്നി ബാങ്കPളുടെ ഓഫീസ്സുകൾ ആകാശം മുട്ടെയുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു . രണ്ട് മൂന്ന് മണിക്കുറുകൾ അവിടെ ചിലവഴിച്ചശേഷം തിരിച്ചു പോന്നു . അടുത്ത ദിവസത്തെ ഞങ്ങളുടെ യാത്ര ബ്രൈറ്റനിലേക്കായിരുന്നു .ഇനി ബ്രൈറ്റനെ കുറിച്ചുള്ള വിശേഷമായി വീണ്ടും കാണാം , നമ്മുടെ സുഹൃത്തുക്കൾ ,എല്ലാവരെയും അന്വഷിച്ചതായി പറയണം, നമ്മുടെ സൊസൈറ്റി നന്നായി പോകുന്നുവെന്ന് കരുതുന്നു .

സ്നേഹപൂർവം
മാത്യു അടയ്ക്കാമുണ്ടയ്ക്കൽ

**(തുടരും.....)**




## എഐബിപിആർസി യുടെ മഹാ ധർണ




**ഓൾ ഇന്ത്യ ബാങ്ക് പെൻഷനേഴ്സ് ആൻഡ് റിട്ടയേഴ്സ് കോൺഫെഡറേഷൻ (AIBPARC) ന്റെ രാജ്ഭവൻ ധർണ അഭിസംബോധന ചെയ്തു എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷന്റെ സംസ്ഥാന ജനറൽ സെക്രട്ടറി എ. ജയകുമാർ സംസാരിക്കുന്നു.**

# അഭിനന്ദനങ്ങൾ!!



ഡോ. കെ.ആർ.എസ്. നായർ

## "ആത്മാവിനുള്ള ടോണിക്ക്"' – മികച്ച അഭിപ്രായവുമായി കെ.ആർ.എസ്. നായരുടെ പുസ്തകങ്ങൾ ആമസോണിലും നോഷൻ പ്രസിലും

ശാന്തിഗിരി ആശ്രമം ഹ്യുമൻ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ് സീനിയർ ജനറൽ മാനേജരും അഡ്വൈസറി കമ്മിറ്റി അഡ്വൈസറുമായ കെ.ആർ.എസ്. നായർ മോട്ടിവേഷണൽ സ്പീക്കറും, റിട്ട. എസ്.ബി. ഐ. മുതിർന്ന ഉദ്യോഗസ്ഥനു**W** നമ്മുടെ തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിലെ അംഗവു.മാണ്. ശാന്തിഗിരി ആശ്രമത്തിനടുത്ത് ജ്യോതിപുരത്ത് താമസം. ഭാര്യ. ഓമന കെ.ആർ.എസ്.

മികച്ച വായനാനുഭവം പങ്കുവെച്ചുകൊണ്ട് ഡോ. കെ.ആർ. എസ്. നായരുടെ പുസ്തകങ്ങൾ വിപണിയിലും സജീവം. 'ആത്മാവിനുള്ള ടോണിക്' എന്നാണ് ഒരു വായനക്കാരൻ പുസ്തകത്തെ വിലിയിരുത്തിയിരിക്കുന്നത്.


Firoj Kujur

★★★★★ Verified Purchase

**TONIC FOR THE SOUL**

Reviewed in India on 13 June 2023

Packed with wisdom, well researched, simple yet philosophical. Author has beautifully integrated elements of wisdom from nature, science, psychology, philosophy and spirituality. Decades of experience and mastery on the subject clearly comes out in the book. Well crafted masterpiece.

I must acknowledge that the book is Tonic for the Soul. I strongly recommend the book.

ഡോ.കെ.ആർ.എസ്. നായരുടെ പന്ത്രണ്ടു പുസ്തകങ്ങൾ ആഗോള തലത്തിൽ ആമസോൺ, നോഷൻപ്രസ് എന്നീ പുസ്തകപ്രസാധക ലോകത്തെ വമ്പന്മാർ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്ററർനാഷണൽ ബെസ്റ്റ് സെല്ലേഴ്സ് ആണ് അവയിൽ പകുതിയും.



## മൊഴി മുത്തുകൾ

## അരുത്........ മറക്കരുത് !

തൊഴിച്ച വയറും...
കുടിച്ച പാലും മറക്കരുത് .।

ഇരുന്ന എളിയും....
നടന്ന വഴിയും മറക്കരുത്.।

ജനിച്ച വീടും.....
പഠിച്ച സ്കൂളും മറക്കരുത്.।

തിന്ന ചോറും.....
തന്ന കൈയ്യും മറക്കരുത്.।

കുളിച്ച പുഴയും....
കളിച്ച കൂട്ടും മറക്കരുത്.।

ചിരിച്ച മുഖവും....
നമിച്ച ശിരസ്സും മറക്കരുത്.।

കൊടുത്ത സ്നേഹം....
തിരിച്ചു വാങ്ങരുത്.।

അടച്ച വാതിലിൽ...
ഒളിച്ചു നോക്കരുത്.।
പശിച്ച വയറിന്....
പിശുക്ക് നൽകരുത്.।

ശഠിച്ചതെല്ലാം.....
പിടിച്ച് വാങ്ങരുത്.।

കേട്ടതൊക്കെയും....
സത്യമാക്കരുത്.।

നരച്ച മുടിയോട്....
അറപ്പ് തോന്നരുത്.।

പൊഴിഞ്ഞതെല്ലാം...
പഴുത്തതാവില്ല.।

മുട്ടോളം വെള്ളത്തിൽ....
മുങ്ങരുതൊരിക്കലും.।

കൊടുത്തതൊക്കെയും....
ഇരുകൈയ്യുമറിയണം.।

നിലത്ത് വീണത് ....
പെറുക്കിയെടുക്കണം.।

ക്ഷണിച്ചതാണേൽ....
തനിച്ച് പോകണം.।

പിണഞ്ഞ കെട്ടുകൾ....
പതിയെ അഴിക്കണം.।

പലതുമാകാം പക്ഷേ....
പകരമാവില്ല.।
നിനച്ചതൊക്കെ നേടിയെങ്കിൽ...
തനിച്ചതല്ലെന്നോർക്കണം.।

നാളെ കാണാമെന്ന് വേണ്ടാ...
നാളെയുണ്ടെങ്കിലെന്നാകാം.।

തനിച്ച് വന്നവർ.....
തിരിച്ച് പോകുമ്പോൾ

കൂടെ ശയിച്ചവരും
കൂട്ടിനുണ്ടാകില്ല.....

# യോഗ ജീവിതത്തോട് ചേർത്ത് പിടിച്ച് വി.ആർ.ബി.

വീണ്ടെടുക്കാം ആരോഗ്യമുള്ള മനസും ശരീരവും'... അന്താരാഷ്ട്ര യോഗ ദിനം ജൂൺ 21 ന്. യോഗയുടെ ഗുണങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായാണ് എല്ലാ വർഷവും ജൂൺ മാസത്തിൽ അന്താരാഷ്ട്ര യോഗ ദിനം ആഘോഷിക്കുന്നത്. ആന്തരികവും ബാഹ്യവുമായ ശുചിത്വം ഉറപ്പ് വരുത്തി, പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിച്ചുകൊണ്ട് നിത്യപരിശീലനത്തിലൂടെ മനസ്സിന്റേയും ആത്മാവിന്റേയും അനന്തസാധ്യതകൾ പുറത്തേക്ക് കൊണ്ടുവരുന്ന വ്യായാമമുറയാണ് യോഗ. യോഗ അഭ്യസിക്കുന്നതിലൂടെ ശരീരം, മനസ്സ്, ആത്മാവ് എന്നിവ സന്തുലിതാവസ്ഥയിൽ കൊണ്ടുവരുന്നതിന് സാധിക്കും. എസ്. ബി. ഐ. പെൻഷനേഴ്സ് അസോസി യേഷന്റെ കോട്ടയം ജില്ല സെന്റർ ജോയിന്റ് സെക്രട്ടറി കൂടിയായ അഡ്വ. വി.ആർ.ബി.യുടെ "സാധക സമാജം" യോഗ ക്ലാസ്സിന്റെ 1000 ദിനാഘോഷങ്ങൾ ജൂലുയ്,8,9 തീയതികളിൽ എറണാകുളത്തു ആശിർഭവനിൽ വച്ചു നടക്കും. അതിനുള്ള തയാറെടുപ്പിലാണ് ഏഷ്യൻ ബുക്ക് ഒഫ് റെക്കോഡ്സ് ജേതാവായ വി.ആർ.ബി.



ആർട്ട് ഓഫ് ലിവിംഗ് കോട്ടയം ജില്ലാ പ്രസിഡന്റ് വി.ആർ.ബാലകൃഷ്ണൻ നായർ ഓൺലൈൻ യോഗാ പരിശീലന ക്ലാസിൽ.

# നർമ്മ വീഥി



റേഷൻ ലൈസൻസിന്
അഭിമുഖപരീക്ഷയും;
മാർക്കിടുന്നത് ജില്ലാ സപ്ലൈ
ഓഫിസർ




നമ്മളുമായി ബന്ധം
കുറവാണെങ്കിലും
എല്ലാർവർക്കും
ഇഷ്ടമായിരുന്നു.

ആദരാഞ്ജലികൾ !!!



# കൗതുക വാർത്തകൾ




## ദേഹത്ത് കുമിളകളുള്ള വിചിത്ര ജീവിയെ കടലിനടിയിൽ കണ്ടെത്തി

നാഷണൽ ഓഷ്യാനിക് ആന്ഡ് അറ്റ്മോസ്ഫെറിക് അഡ്മിനിസ്ട്രേഷന്റെ ഒകിയാനോസ് എക്സ്പ്ലോറർ ക്രൂ അറ്റ്ലാന്റിക് സമുദ്രത്തിൽ അടുത്തിടെ നടത്തിയ ഒരു പര്യവേഷണത്തിനിടെ ഒരു അജ്ഞാത കടൽ ജീവിയുടെ വിചിത്രമായ മാതൃക കണ്ടെത്തി. കരീബിയന് കടലിന്റെ അടിത്തട്ടിൽ വളരുന്ന ബ്ലൂ ഗുവിനെ* പോലെ തോന്നിക്കുന്ന ജീവിയെ കണ്ടെത്തിയിരി ക്കുകയാണ് ശാസ്ത്രജ്ഞർ.



2022 ഓഗസ്റ്റ് 30ന് സെന്റ് ക്രോയ്ക്സിന് തെക്ക് 1,400 അടി ആഴത്തിലുള്ള ആഴക്കടലിലാണ് ഈ അസാധാരണ രൂപത്തിലുള്ള ജീവിയെ കണ്ടെത്തിയത്. വിചിത്ര ജീവിയുടെ വീഡിയോ ശാസ്ത്രജ്ഞര് തന്നെയാണ് ടിറ്ററിലൂടെ പങ്കുവെച്ചത്. രൂപമോ മുഖമോ ഒന്നുമില്ലാത്ത ജീവിയ്ക്ക് നീല നിറമാണ്. കൈ കാലുമൊന്നുമില്ലാത്ത ജീവി ഉരുണ്ട ആകൃതിയിലാണ് ഇരിക്കുന്നത്. ബ്ലൂ ഗൂവിനെ* പോലെ തോന്നിക്കുന്ന ഈ ജീവി അത്ഭുതപ്പെടുത്തിയെന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്. വേഗത്തിൽ ചുരുങ്ങാനും നീളാനും ഈ ജീവിയ്ക്ക് കഴിമെന്നതാണ് മറ്റൊരു പ്രത്യേകത.

*ബ്ലൂഗൂ സർപ്പന്റനൈറ്റ് മെലാഞ്ചിൽ നിന്ന് ഉരുത്തിരിഞ്ഞ ഒട്ടിപ്പിടിക്കുന്ന, പ്ലാസ്റ്റിക്ക്, നീലകലർന്ന ചാരനിറത്തിലുള്ള, ഒരു കളിമൺ ഘടനയുള്ള മണ്ണാണ്. നീല ഗൂ പ്രധാനമായും വടക്കൻ കാലിഫോർണിയ തീരത്താണ് കാണപ്പെടുന്നത്.



# വായനക്കാർ എഴുതുന്നു

## ആക്ഷേപങ്ങളും അഭിപ്രായങ്ങളും



പ്രിയപ്പെട്ട എംജിആർ,

ഒയാസിസ് മെയ് ലക്കം കിട്ടി. വിശദമായി വായിക്കുകയും ചെയ്തു. കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും എല്ലാം എല്ലാം, പിഴവ് അശേഷമില്ലാതെ ഭംഗിയായി ഒരുക്കിയിരിക്കുന്നു. അഭിനന്ദനങ്ങൾ!

സംസ്ഥാന സമ്മേളനത്തിന്റെ സമഗ്രമായ റിപ്പോർട്ട്, പെൻഷനേഴ്സ് ഗ്രീവൻസ് ഫോറം, കോട്ടയം, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ നടത്തിയ സ്ട്രക്ചേർഡ് മീറ്റിങ്ങുകൾ, നിർവാഹക സമിതി യോഗങ്ങൾ എന്നിവയുടെ റിപ്പോർട്ട്, സാമ്പത്തിക അവലോകനം, മെയ്ദിനം, മാതൃദിനം ,പ്രിയപ്പെട്ട മാത്യു അടയ്ക്കാമുണ്ടക്കലിന്റെ യാത്രാനുഭവങ്ങൾ അങ്ങനെ വിഭവസമൃദ്ധമായ ഉള്ളടക്കം. തത്പരനായ ഒരു വായനക്കാരന് ഇത് ധാരാളം.

താങ്കൾ ഏർപ്പെട്ടിരിക്കുന്ന മറ്റ് ഒരുപാട് കാര്യങ്ങൾക്കിടയിലും ഇത്ര ഭംഗിയായി ഒയാസിസ് പുറത്തിറക്കുന്നു എന്നത് എത്രമാത്രം അഭിനന്ദനാർഹമാണ് എന്നറിയിക്കട്ടെ. ഒയാസിസ് ഇനിയും പുതിയ ഉയരങ്ങൾ കീഴടക്കട്ടെ എന്ന ആശംസകളോടെ

,

രാജീവൻ

ഒന്നാംതരം രാഘവൻ മാഷേ. അവതരണവും ഉള്ളടക്കവും ഒന്നിനൊന്നിനു മെച്ചം!!



**ജോസഫ് ജോൺ**
**പാലാ ഏരിയാ കമ്മറ്റി**

## പരേതനായ വി കെ ഗോപിയുടെ ഭാര്യ ജിക്കി, റിട്ടയേർഡ് ചീഫ് മാനേജർ എറണാകുളം എഴുതുന്നത്

"പ്രിയപ്പെട്ട നേതാക്കളേ,

എന്റെ പരാതികൾ പരിഹരിക്കാൻ എന്നെ സഹായിച്ച കേരളത്തിലെ എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷനോട് അവരുടെ അശ്രാന്ത പരിശ്രമത്തിന് ഹൃദയംഗമമായ നന്ദി രേഖപ്പെടുത്താനാണ് ഞാൻ ഇത് എഴുതുന്നത്.

എന്റെ ഭർത്താവ് പരേതനായ വി കെ ഗോപി (എസ്ബിഐയുടെ മുൻ ജീവനക്കാരൻ) 2011-ൽ ഒരു ഭവന വായ്പ എടുത്തിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം, ഇ-സർക്കുലർ പി & എച്ച്ആർഡി എസ്എൽ നമ്പർ 1107/2019-20 തീയതി 7/11/2019 .പ്രകാരം ഞങ്ങൾ യോഗ്യരായതിനാൽ വ്യക്തിഗത ഭവന വായ്പയുടെ സെറ്റിൽമെന്റിനായി ഞങ്ങൾ അപേക്ഷിച്ചു. ഞങ്ങളുടെ കുടിശ്ശികയുള്ള ലോൺ തുക തീർപ്പാക്കിയ വിവരം നിങ്ങളെ എല്ലാവരെയും അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷനിലെ ബഹുമാനപ്പെട്ട അംഗങ്ങളുടെ നിരന്തരമായ പിന്തുണയും വിശ്വാസവും നിരന്തര ഫോളോ-അപ്പുകളും ഇല്ലാതെ ഇത് സാധ്യമാകുമായിരുന്നില്ല.

ഇതുകൂടാതെ, ഈയിടെ, കുടുംബ പെൻഷൻ റിവിഷൻ കണക്കുകൂട്ടലിൽ അപാകത ഉണ്ടായിട്ടുണ്ടെന്നും കുടുംബ പെൻഷനിലെ 30% റിവിഷൻ അനുവദിച്ചിട്ടില്ലെന്നും ഞാൻ ശ്രദ്ധിച്ചു. ഞാൻ ബന്ധപ്പെട്ട അധികാരികളോട് പ്രശ്നം ഉന്നയിക്കുകയും അർഹതപ്പെട്ട കുടിശ്ശിക ലഭിക്കാൻ അവരും എന്നെ സഹായിക്കുകയും ചെയ്തു.

ഈ ആശങ്കകളിലുടനീളം, കേൾക്കാനും മനസ്സിലാക്കാനും വേഗത്തിൽ നടപടിയെടുക്കാനും അസോസിയേഷൻ തയ്യാറായിരുന്നു. ഞങ്ങളുടെ പ്രശ്നങ്ങളിൽ കൈവരിച്ച പുരോഗതിയെക്കുറിച്ച് അസോസിയേഷന്റെ നേതാക്കൾ സ്ഥിരമായി ഞങ്ങളെ അറിയിച്ചു, പ്രക്രിയയിലുടനീളം ഇടപഴകാനും ഉറപ്പുനൽകാനും ഞങ്ങളെ പ്രേരിപ്പിച്ചു. .

എന്റെ മക്കൾക്കും എനിക്കും വേണ്ടി എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷനിലെ മുഴുവൻ ടീമിനും ഞാൻ നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു. ഒരിക്കൽ കൂടി, ഞങ്ങളുടെ ജീവിതത്തിൽ ഗുണകരമായ മാറ്റങ്ങൾക്ക് കാരണമായതിന് നന്ദി.

ഹൃദയംഗമമായ അഭിനന്ദനങ്ങ ളോടെ,

ജിക്കി,
അഖിൽ,
അഞ്ജിത

OASIS
Older Adults Sharing In Service

# വിവാഹ വിമുഖരെ വിവാഹത്തിന് പ്രേരിപ്പിക്കണോ...?



**പി.പി.ഫിലിപ്പ്**

--------------------------------

നമ്മുടെ സമൂഹത്തിലെ ചെറിയൊരു വിഭാഗം യുവതീ യുവാക്കൾ വിവാഹവും കുടുംബ ജീവിതവും സ്ഥിരമായി വേണ്ടെന്നു വച്ച്, ജീവിതത്തിൽ ഒറ്റപ്പെടുത്തൽ,സ്വയം സ്വീകരിക്കുന്നത്, ഇക്കാലത്തു വിരളമല്ല.

എല്ലാ സമുദായങ്ങളിലും ഈ പ്രവണതയുണ്ടെങ്കിലും ക്രിസ്ത്യാനികളിൽ പ്രത്യേകിച്ച്, കത്തോലിക്കരിൽ കാണപ്പെടുന്ന ഈ പുത്തൻ മനോഭാവം ഇപ്പോൾ, കൂടുതൽ ശ്രദ്ധിക്കപ്പെടുന്നു. നാട്ടു നടപ്പുള്ള വിവാഹപ്രായം കഴിഞ്ഞിട്ടു, ഇഷ്ടക്കാരും ബന്ധു ജനങ്ങളും നിർബന്ധിച്ചിട്ടും വിവാഹത്തിന് തയ്യാറാകാതെ, പ്രായമുള്ള മാതാപിതാക്കൾക്ക് ആഴത്തിലുള്ള വേദനയുളവാക്കി,ഇവർ, ഒറ്റതടിയായി, ലോകരുടെ മുൻപിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുകയാണ്.

കത്തോലിക്കരുടെ കാര്യത്തിൽ, പുരോഹിതരും പള്ളിയധികാരികളും പ്രത്യേക ശ്രദ്ധയെടുത്തു, ഇത്തരം ക്രോണിക്ക് ബാച്ചലേഴ്സിന് വേണ്ടി ക്ലാസുകളും സെമിനാറുകളും ധ്യാനങ്ങളും സംഘടിപ്പിച്ചു വരുന്നു. പ്രായം കഴിഞ്ഞിട്ടും, വിവാഹത്തോട് വിമുഖത കാണിച്ചു, തിരിഞ്ഞു നിൽക്കുന്നവരുടെ പ്രശ്നം, ഇക്കാലത്തു, നമ്മൾ വലിയ ഗൗരവത്തിൽ എടുക്കേണ്ട കാര്യമുണ്ടോ..?

ആധുനിക ചുറ്റുപാടുകൾ കണക്കിലെടുത്തു, അവരെ സ്വതന്ത്രരായി വിട്ടാൽ പോരേ? ഉന്തി മരത്തേൽ കയറ്റിയാൽ തൊലി തേഞ്ഞു പോവുകയില്ലേ..? ആണും പെണ്ണുമായി ജനിച്ചത് കൊണ്ടു എല്ലാവരും വിവാഹം കഴിച്ചു, മക്കളുണ്ടായി, കുടുംബജീവിതക്കാരാ കണമെന്നുണ്ടോ..?
ഈ വിവാഹവിമുഖർ സമൂഹത്തിന്റെ മുൻപിൽ ഉന്നയിക്കുന്ന ബഹുമുഖ പുത്തൻ പ്രശ്നങ്ങൾക്കു, യുക്തമായ മറുപടി ആരെങ്കിലും കൊടുക്കുന്നുണ്ടോ? സ്ത്രീയും പുരുഷനുമെന്നുള്ള പാരമ്പരാഗത പ്രകൃതി വ്യത്യാസം ഇന്ന് പരക്കെ ചോദ്യം ചെയ്യപ്പെടുകയല്ലേ.? പ്രസവിക്കലും പാലൂട്ടലും ഇനി പുരുഷൻ ചെയ്യട്ടെ, ഞങ്ങൾ തയ്യാറല്ല, എന്ന് ചിന്തിക്കുന്നവരുടെ എണ്ണം ഏറി വരികയല്ലേ...

യുവ സമൂഹത്തിനു മാതൃകയായി, രാഷ്ട്രീയത്തിലോ, സമുദായത്തിലോ സമൂഹത്തിലോ ആരെ ചൂണ്ടിക്കാട്ടാനുണ്ട്? സർവത്ര മലീമസമായ ലോകചുറ്റുപാടിൽ എന്തു നന്മ പറഞ്ഞു, ഈ വിമുഖരെ കുടുംബ ജീവിതത്തിലേക്ക് തള്ളിവിടാം...? എവിടെ തിരിഞ്ഞങ്ങു നോക്കിയാലും, അവിടെയെല്ലാം ശ്വാസം മുട്ടിക്കുന്ന ജീർണതയല്ലേ അനുഭവപ്പെടുന്നത്..?

ചിന്തിച്ചാൽ, നമ്മുടെ ലവൽ തെറ്റും. ഒന്ന് നമ്മൾ സമ്മതിക്കേണ്ടി വരും, വിവാഹവും കുടുംബജീവിതവും വേണ്ടേ വേണ്ട, എന്ന് ശഠിക്കുന്നവർ മണ്ടന്മാരല്ല, മടിയന്മാരല്ല, മനുഷ്യ സമൂഹത്തോട് സ്നേഹമുള്ളവർ തന്നെ എന്നു. ഈ വിഷയം വളരെ വലുതാണ്, തിടുക്കത്തിൽ നിലപാടുകളിൽ എത്തിച്ചേരാൻ കഴിയുന്നതല്ല. സാമൂഹ്യ പരിഷ്കർത്താക്കളും ചിന്താശീലരും മനസു തുറന്നു ചിന്തിച്ചു തുടങ്ങിയാലും...

ഈ ചിന്തയിൽ വേദനയുള്ളവർ മറ നീക്കി പുറത്തേക്കു വന്നാലും..... വിഷയം നന്നായി പഠിച്ചിട്ടു ആരെയും കല്യാണത്തിന് നിർബന്ധിച്ചാൽ മതി. ആക്കൂട്ടത്തിൽ ഇങ്ങനെ നിൽക്കുന്നവർക്ക്, ആ നിൽപ്പിന് പറ്റിയ സാമൂഹ്യ കൂട്ടു ജീവിത സാഹചര്യങ്ങൾ ഒരുക്കി കൊടുത്താലും.....

അവർ ഒറ്റയ്ക്കല്ല, ഒരു സമൂഹമാണ് എന്നെങ്കിലും അവർക്കു തോന്നട്ടെ.

# വിവാഹത്തിന് വൈമുഖ്യം

## ജോർജ്ജ് തോമസ്

ഇതൊരു വളരെ ഗൗരവമേറിയ വിഷയമാണ്. നമ്മൾ ഇന്ന് സമൂഹത്തിൽ ശ്രദ്ധിച്ചാൽ വിദ്യാഭ്യാസവും ജോലിയും ഉള്ള പെൺകുട്ടികൾ വിവാഹത്തിന് താല്പരരല്ല. എന്താണ് ഈ പ്രതിഭാസത്തിന്റെ കാരണം? ആരാണ് ഉത്തരവാദി? എന്നുള്ളത്, നമ്മൾ ചർച്ചയ്ക്ക് വിധേയമാക്കണം. ഇന്നത്തെ യുവതലമുറയും പെൺകുട്ടികൾ പ്രത്യേകിച്ചും, മോട്ടിവേറ്റഡ് ആകുന്നില്ല, കാരണം അവരുടെ കുടുംബത്തിൽ ശ്രദ്ധിച്ചാൽ അവർക്ക് മനസ്സിലാകും, ഭാര്യ എന്നത് വെറും ഒരു അലങ്കാരവും, സൗജന്യ സേവനങ്ങളുടെ കലവറയും, മാത്രമാണ് അവർക്ക്. യാതൊരുവിധ അംഗീകാരമോ പ്രോത്സാഹനമോ പോലും കിട്ടുന്നില്ല.

ഭർത്താവിനും മക്കൾക്കും മാതാപിതാക്കൾക്കും വെച്ചു വിളമ്പാനും, തുണി അലക്കി കൊടുക്കാനും, പീഡനങ്ങൾ ഏറ്റുവാങ്ങാനും, മാത്രമേ ഇന്ന് ഭാര്യമാർ ഉപകരിക്കുന്നുള്ളൂ. എന്തിന് ഞാൻ വിവാഹം കഴിക്കണം എന്തിന് ഞാൻ മക്കളെ പ്രസവിക്കണം എന്തിന് ഞാൻ ഭർത്താവിന്റെ അടിവസ്ത്രം വരെ അലക്കി കൊടുക്കണം എന്താണിതിന്റെ ആവശ്യം എന്ന് പെൺകുട്ടികൾ ചിന്തിക്കുകയാണ്. നല്ല വരുമാനവും കുടുംബ സ്വത്തും ഉള്ള പെൺകുട്ടികൾക്ക് വിവാഹം യഥാർത്ഥത്തിൽ ഒരു അനാവശ്യമാണ്.. അതെല്ലാം ഗ്രഹിച്ചിരിക്കുന്നു. ഇപ്പോഴത്തെ കുട്ടികൾ. ലൈംഗിക ആവശ്യങ്ങൾക്ക് ഒരുത്തന്റെയും അടിമയാകാതെ തന്നെ ആസ്വദിക്കാനുള്ള എല്ലാ സംവിധാനങ്ങളും ഇന്ന് നിയമപരമായി നിലനിൽക്കുന്നു. പള്ളിയെയും അച്ചന്മാരെയും അടിപ്പിക്കരുത്. കാരണം അവർക്ക് ഭീഷണിപ്പെടുത്താൻ അല്ലാതെ വസ്തുതാപരമായി കാര്യങ്ങൾ അപഗ്രഹിക്കാൻ അറിവില്ല.

# യാത്രയയപ്പ്

## ശിവൻ.റ്റി.



ശിവൻ.T

സ്റ്റേറ്റ് ബാങ്ക് ഇന്ത്യയുടെ തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസ് , ചീഫ് മാനേജരായിരുന്ന ശിവൻ.റ്റി 34 വർഷം 5 മാസം 26 ദിവസം സേവനം പൂർത്തിയാക്കിയ ശേഷം മെയ് 31 നു വിരമിച്ചു. പ്രാർത്ഥനയോടും അനുഗ്രഹങ്ങളോടും കൂടി അദ്ദേഹത്തിന് യാത്രാ മംഗളങ്ങൾ നേരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

## ബീന.കെ.ബി



കാഞ്ഞിരപ്പള്ളി ഏരിയ എക്സി.ക്യൂട്ടീവ് കമ്മറ്റി അംഗം ഗോപിക്കുട്ടൻ നായർ പി.എസ്., തെക്കേത്തുകവല ബ്രാഞ്ചിൽ നിന്നും മെയ് 31 നു വിരമിച്ച ബീന.കെ.ബി.ക്ക് യാത്രയയപ്പു മംഗളം നേരുകയും എസ്.ബി.ഐ. പെൻഷനേർസ് അസോസിയേഷനിലേക്ക് സ്വാഗതം ചെയ്തു കൊണ്ടും സസാരിക്കുന്നു.

## കെ.ആർ. സഹദേവൻ



സി.എ. സി. കോട്ടയം മെയിൻ ബ്രാഞ്ചിൽ നിന്നു മെയ് 31 നു വിരമിച്ച കെ.ആർ. സഹദേവനു നല്ലൊരു റിട്ടയർമെന്റ് ജീവിതം ആശംസിക്കുകയും എസ്. ബി.ഐ. പെൻഷനേർസ് അസോസിയേഷനിലേക്ക് സ്വാഗതം ചെയ്തു കൊണ്ട് സംസാരിക്കുകയും ചെയ്യുന്ന കോട്ടയം ജില്ലാ സെക്രട്ടറി പി.എം. ജേക്കബ്.

## ടി.പി.ജോസ്



ആലപ്പുഴ മെയിൻ ബ്രാഞ്ചിൽ നിന്നും ഡെപ്യൂട്ടി മാനേജർ പദവിയിൽ നിന്നും മേയ് 31ന് വിരമിച്ച ടിപി ജോസ്.

യാത്രയയപ്പ് യോഗത്തിൽ. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ ജില്ലാ അസി. ട്രഷററും വൈക്കം ഏരിയ കമ്മിറ്റി ജോയിന്റ് കൺവീനറുമായ ഡി.കെ.രാജഗോപാൽ പങ്കെടുത്തു. കോട്ടയം ജില്ലയിലെ നമ്മുടെ ഏറ്റുമാനൂർ ഏരിയ കമ്മിറ്റി പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനായി അദ്ദേഹത്തെ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്തു. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.



തവളക്കുഴിയിലുള്ള വസതിയിൽ ടിപി ജോസിന് സഹധർമ്മിണി മേഴ്സി പൂച്ചെണ്ടു നൽകി സ്വീകരിക്കുന്നു......

# 2023 ജൂൺ മാസം വിരമിക്കുന്നവർ

1. വിജയകുമാർ കെ കെ ഡെപ്യൂട്ടി മാനേജർ ആലുവ കാത്‌ലിക് സി എറണാകുളം
2. ദാസപ്പൻ കെ ഡി ഹെഡ് വാച്ചും ഗാർഡ് മെട്രോ സ്റ്റേഷനും എംജി റോഡ് എറണാകുളം
3. വനജ ഡി ഗോൾഡ് ഓഫീസർ മുളന്തുരുത്തി എറണാകുളം
4. മാർഗരറ്റ് എം എം ഹെഡ് ജനറൽ അറ്റൻഡന്റ് പനമ്പിള്ളിനഗർ എറണാകുളം
5. ഉമ്മൻ പത്രോസ് എം സീനിയർ സ്പെഷ്യൽ അസിസ്റ്റന്റ് മാളികാംപീടിക എറണാകുളം
6. കുമാരി ടി കെ ചീഫ് അസോസിയേറ്റ് വാളകം എറണാകുളം
7. കുര്യാക്കോസ് വി വി സീനിയർ അസോസിയേറ്റ് സിഎസ് ആൻഡ് എസ് പമ്പാക്കുട എറണാകുളം
8. ലീല ആർ ഹെഡ് ജനറൽ അറ്റൻഡന്റ് എൻആർഐ, കൊല്ലം
9. ജയപ്രകാശ് - പിള്ള ഡെപ്യൂട്ടി മാനേജർ റാസ്മെസിസി, കൊല്ലം
10. പത്മജ എസ് പിള്ള ചീഫ് മാനേജർ റാസ്മെക്ക് ആലപ്പുഴ
11. അംബികാദേവി ബി ഡെപ്യൂട്ടി മാനേജർ ചേർത്തല ആലപ്പുഴ
12. ഉഷാ ഭാസ്കർ ഡെപ്യൂട്ടി മാനേജർ തൃക്കൊടിത്താനം കോട്ടയം
13. സൂര്യനാരായണൻ കെ ഡെപ്യൂട്ടി മാനേജർ വലവൂർ, കോട്ടയം
14. ഗ്രേസിക്കുട്ടി എബ്രഹാം സപ്പോർട്ട് ഓഫീസർ ഓപ്പറേഷൻ എഒ കോട്ടയം കോട്ടയം
15. ജയദേവൻ ഒ ഓലച്ചേരി ബ്രാഞ്ച് മാനേജർ RACC ഇരിട്ടി കണ്ണൂർ
16. അശോകൻ കെ ഹെഡ് മെസഞ്ചർ CAC കണ്ണൂർ കണ്ണൂർ
17. കരുണാകരൻ എ - ചീഫ് മാനേജർ RBO 6 കണ്ണൂർ കാസർകോട്
18. സിദ്ധാർത്ഥൻ കെ ഹെഡ് ആംഡ് ഗാർഡ് വടകര കോഴിക്കോട്
19. ഭാസ്കരൻ - കെ സ്പെഷ്യൽ അസോസിയേറ്റ് (സിഎസ്) താമരശ്ശേരി കോഴിക്കോട്
20. ജയരാജ് എം എം സീനിയർ സ്പെഷ്യൽ അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് കോഴിക്കോട്
21. ഗ്രേസി ജോർജ് അസിസ്റ്റന്റ് മാനേജർ കൂരിയാട് കോഴിക്കോട്
22. നിഷാ ദേവി കെ പി ചീഫ് അസോസിയേറ്റ് കാരപ്പറമ്പ് കോഴിക്കോട്
23. സുധീർ കുമാർ ആരംകുനി ഡെപ്യൂട്ടി മാനേജർ കൊണ്ടോട്ടി കോഴിക്കോട്
24. നിഷ കെ പി ചീഫ് അസോസിയേറ്റ് രാമനാട്ടുകര കോഴിക്കോട്
25. വീരമണി പി അസിസ്റ്റന്റ് ജനറൽ മാനേജർ കസ്റ്റമർ സർവീസ് & ഓപ്പറേഷൻസ് എൽഎച്ച്ഒ തിരുവനന്തപുരം
26. ബാലസുബ്രഹ്മണ്യൻ കെഎസ് അസി- ജനറൽ മാനേജർ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം തിരുവനന്തപുരം എൽഎച്ച്ഒ തിരുവനന്തപുരം
27. വെങ്കിടനാരായണ ശർമ്മ എസ് ചീഫ് മാനേജർ(സിസ്റ്റംസ്) ഐടി സപ്പോർട്ട് സർവീസസ് എൽഎച്ച്ഒ തിരുവനന്തപുരം
28. സേവി തങ്കവേലു അസിസ്റ്റന്റ് ജനറൽ മാനേജർ (സിവിൽ) പരിസരം & എസ്റ്റേറ്റ് വകുപ്പ്, L എൽഎച്ച്ഒ തിരുവനന്തപുരം
29. രാജൻ ആർ ഡിജിഎം(വിജിലൻസ്) വിജിലൻസ് എൽഎച്ച്ഒ തിരുവനന്തപുരം
30. ബാലകൃഷ്ണൻ സി കെ ഹെഡ് മെസഞ്ചർ പേരൂർ (പത്തിരിപ്പാല) പാലക്കാട്
31. ബാലകൃഷ്ണൻ പുതുക്കുടി സീനിയർ സ്പെഷ്യൽ അസിസ്റ്റന്റ് നെന്മാറ പാലക്കാട്
32. മണക്കാട്ട് കണ്ടൻ വാസു ചീഫ് മാനേജർ മെയിൻറ് എസ്എംഇസിസി തൃശൂർ തൃശൂർ തൃശൂർ ജൂൺ-23
33. ബെന്നി കെ എഫ് ഡിവൈ മാനേജർ പൂങ്കുന്നം റെയിൽവേ സ്റ്റേഷൻ തൃശ്ശൂർ
34. സജീവ കുമാർ കെ കരിയാത്തുപറമ്പിൽ സീനിയർ അസോസിയേറ്റ് തൃശൂർ
35. ഗിരിജാ ബായ് ആർ ചീഫ് അസോസിയേറ്റ് ജഗതി തിരുവനന്തപുരം
36. ഉബൈദത്ത് ബീവി സീനിയർ ഹെഡ് മെസഞ്ചർ മണക്കാട്, തിരുവനന്തപുരം
37. ധനലക്ഷ്മി എം കെ ചീഫ് അസോസിയേറ്റ് പൂങ്കുളം ബ്രാഞ്ച് തിരുവനന്തപുരം
38. ചന്ദ്രൻ എസ് ഹെഡ് ആംഡ് ഗാർഡ് പാറശ്ശാല , തിരുവനന്തപുരം
39. രാമകൃഷ്ണൻ എസ് സേതുരാമൻ മാനേജർ CCPC തിരുവനന്തപുരം
40. ലക്ഷ്മി വി ചീഫ് അസോസിയേറ്റ് RACPC തിരുവനന്തപുരം
41. സത്യകുമാർ വി - വേലുക്കുട്ടി സീനിയർ അസോസിയേറ്റ് CAC , തിരുവനന്തപുരം
42. പത്മകുമാ രി ജി ഹെഡ് മെസഞ്ചർ ബേക്കറി JN
43. ഗിരിജ ആർ ചീഫ് അസോസിയേറ്റ് വഴുതക്കാട് , തിരുവനന്തപുരം
44. മോഹനകുമാർ വേലപ്പൻ ഡെപ്യൂട്ടി മാനേജർ DAC തിരുവനന്തപുരം

## പത്മജ എസ് പിള്ള



സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC ആലപ്പുഴ ശഖയിൽ നിന്നും ചീഫ് മാനേജർ പത്മജ എസ് പിള്ള 38 വർഷത്തെ 3 മാസത്തെ കളങ്കരഹിതവും അർപ്പണബോധവുമുള്ള സേവനത്തിന് ശേഷം 2023 ജൂൺ 30 ന് സേവനത്തിൽ നിന്ന് വിരമിക്കുന്നു ചെങ്ങന്നൂർ ബ്രാഞ്ചിൽ (ഇഎസ്ബിടി)

ചേർന്നു, പഴവീട്ടിൽ ജോലി ചെയ്തു. ആലപ്പുഴ ടൗൺ. അമ്പലപ്പുഴ. ചങ്ങനാശേരി മെയിൻ, എസ്എംഇ ആലപ്പുഴ. വണ്ടാനം, ഡിസി റോഡ് ആലപ്പുഴ, സർവീസ് ബ്രാഞ്ച് തൃശൂർ, പിബിബി ചേർത്തല, കൊമേഷ്യൽ ബ്രാഞ്ച് എറണാകുളം. ആർഎസിസി തൊടുപുഴയും ആർഎഎസ്എം ഇസി. ആലപ്പുഴയും ജോലി ചെയ്തു. ഭർത്താവ് . കെ. പ്രസാദ്, നമ്മുടെ ബാങ്കിൽ നിന്ന് ചീഫ് മാനേജരായി വിരമിച്ചു. അവരുടെ മക്കളായ ശ്രീപ്രിയ പി (പിഎച്ച് ഡി സ്കോളർ, അഗ്രികൾച്ചറൽ ഇക്കണോമിക്സ് വകുപ്പ്), ഐശ്വര്യ പി. എന്നിവർ ഐബിഎസ് സോഫ്റ്റ്‌വെയർ കൊച്ചിയിൽ സോഫ്റ്റ്‌വെയർ എഞ്ചിനീയറായി ജോലി ചെയ്യുന്നു. മരുമകൻ. കൊച്ചി AGMARKൽ ജോലി ചെയ്യുന്ന രാകേഷ് R (Ph D Scholar, IIST Trivandrum) കൊച്ചുമകൻ മാസ്റ്ററാണ്. നിരണിയൻ.എസ്.ആർ.

ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# ഗ്രേസിക്കുട്ടി എബ്രഹാം



ഗ്രേസിക്കുട്ടി എബ്രഹാം

സ്റ്റേറ്റ് ബാങ്ക് ഇന്ത്യയുടെ എഒ കോട്ടയം ഓഫീസിൽ നിന്നും ഡെപ്യൂട്ടി മാനേജർ ഗ്രേസിക്കുട്ടി എബ്രഹാം 37 വർഷം 9 മാസം 16 ദിവസം സേവനം പൂർത്തിയാക്കിയ ശേഷം 2023 ജൂൺ 30 ന് വിരമിക്കുന്നു.. പ്രാർത്ഥനയോടും അനുഗ്രഹ ങ്ങളോടും കൂടി യാത്രാ മംഗളങ്ങൾ നേരുന്നു.



ഗ്രേസിക്കുട്ടി എബ്രഹാമിന്റെ യാത്രയയപ്പു യോഗത്തിൽ സംസാരിക്കുന്ന ജില്ലാ പ്രസിഡന്റ് കെ.എൻ.വിശ്വനാഥൻ നായർ. കോട്ടയം ഏരിയ 2 കൺവീനർ വി.ആർ. ബാലകൃഷ്ണൻ നായരും യോഗത്തിൽ പങ്കെടുത്തു.

ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# സൂര്യനാരായണൻ കെ



സൂര്യനാരായണൻ കെ.

സൂര്യനാരായണൻ കെ ഡെപ്യൂട്ടി മാനേജർ വലവൂർ ബ്രാഞ്ച്, കോട്ടയം , 39 വർഷം പിന്നിട്ട സമർപ്പിത സേവനത്തിന് ശേഷം 2023 ജൂൺ 30 ന് ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു. എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ ക്ഷണിക്കുന്നു.



സൂര്യനാരായണൻ.കെ. അയ്യരുടെ റിട്ടയർമെന്റ് മീറ്റിംഗിൽ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്തു സംസാരിക്കുന്ന പാലാ ഏരിയ കൺവീനർ ജോർജ് ജോസഫ്

# വിജയകുമാർ കെ കെ



വിജയകുമാർ കെ കെ

വിജയകുമാർ കെ കെ ഡെപ്യൂട്ടി മാനേജർ ആലുവ കാത് ലിക് സെന്റർ, ശാഖ, 33 വർഷം 1 മാസw 21 ദിവസത്തെ മികച്ച സേവനത്തിന് ശേഷം 2023 ജൂൺ 30 ന് ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# വനജ ഡി

41 വർഷവും 9 മാസവും മികച്ച സേവനം പൂർത്തിയാക്കി 3. വനജ ഡി ഗോൾഡ് ഓഫീസർ മുളന്തുരുത്തി 2023ജൂൺ 30 ന് വിരമിക്കുന്നു



വനജ ഡി

വനജ. ഡി. ന് പൂർണ്ണഹൃദയത്തോടെ യാത്രാ മംഗളങ്ങൾ ആശംസിക്കുന്നു!! ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവു നിറഞ്ഞ റിട്ടയർമെന്റ് ജീവിതം നേരുന്നു.. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.




# നാളെ ജൂലൈ 1






# കുഞ്ഞമ്മ മോഹൻദാസ്



കുഞ്ഞമ്മ മോഹൻദാസ്

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം എസ്.ബി.ഐ. റിട്ട. ഉദ്യോഗസ്ഥൻ പി.ജി.മോഹൻദാസ്സിന്റെ ( LM No. 6663 ) ഭാര്യ ശ്രായിപ്പള്ളിൽ പാറയ്ക്കൽ കുഞ്ഞമ്മ മോഹൻദാസ് നിര്യാതയായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. പരേത തോട്ടക്കാട് പുത്തൻ പറമ്പിൽ കുടുംബാംഗം. മക്കൾ അഭിലാഷ്, അശോകൻ അനിഷ. മരുമക്കൾ റാണി മണിമല, പ്രശാന്തി കറുകച്ചാൽ .സംസ്ക്കാര കർമ്മങ്ങൾ 2023 ജൂൺ 10–ാം തിയതി ശനിയാഴ്ച്ച 2 മണിയ്ക്ക് വീട്ടുവളപ്പിൽ നടത്തി.**



ജില്ലാപ്രസിഡന്റ് വിശ്വനാഥൻ നായരുടെ നേതൃത്വത്തിൽ കുഞ്ഞമ്മ മോഹൻദാസിനു അന്തിമോപചാരം അർപ്പിക്കുന്നു.

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ല സെന്റർ സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുന്നു. . കുടുംബത്തിന്റെ ദുഃഖത്തിൽ പങ്ക് ചേരുന്നു

# .എം.എ.സ്റ്റീഫൻ



എം.എ.സ്റ്റീഫൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ **കോട്ടയം** യൂണിറ്റ് അംഗം നമ്മുടെ സഹപ്രവർത്തക ഷീബ പുന്നന**്റെ** ( LM.7774) ഭർത്താവ് എം.എ.സ്റ്റീഫൻ മുറിയാനിക്കൽ, വേളൂർ, കോട്ടയം നിര്യാതനായ വിവരം വ്യസനത്തോടെ അറിയിക്കുന്നു. മൃതദേഹം വീട്ടിൽ പൊതു ദർശനത്തിനായി സൗകര്യമൊരുക്കിയിരുന്നു.. സംസ്കാരം **08.06.2023–ാം തിയതി** രാവിലെ 10 മണിക്ക് വീട്ടിൽ പ്രാർത്ഥനക്ക് ശേഷം പുത്തനങ്ങാടി പുത്തൻപള്ളിയിൽ. നടത്തി.

എസ്.ബി.ഐ.പെൻഷനേർസ് അസോസിയേഷൻ, കോട്ടയം ജില്ലാ സെന്ററിന്റെ അനുശോചനം സന്തപ്ത കുടുംബാംഗ

ങ്ങളെ അറിയിക്കുന്നു. പരേത**ന്റെ** ആത്മാവിനു നിത്യ ശാന്തിയ്ക്കായി പ്രാർത്ഥിക്കുന്നു.

# രാജു.എം.സി.



നമ്മുടെ മെമ്പർ രാജു.എം.സി. ( LM.No.5072 ) കാർത്തിക, തുരുത്തി നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു. മൃതശരീരം വാകശ്ശേരി, ഈസ്റ്റ് നട, കളർകോട് ക്ഷേത്രം (ഡോ. ലതയുടെ വീട്ടിൽ). സംസ്കാരം 08.06.2023–ാം **തിയതി** രാവിലെ **11** മണിക്ക് ആലപ്പുഴ വലിയ ചുടുകാട്ടിൽ. നടത്തി. പെൻഷനേഴ്സ് അസോസിയേഷനെ പ്രതിനിധീകരിച്ച് ചങ്ങനാശ്ശേരി ഏരിയാ കമ്മറ്റി കൺവീനർ രാജൻ ജോർജ്ജ് ഏരിയാക്കമ്മറ്റിയംഗം പി.ഉണ്ണിക്കുഞ്ഞ് തുടങ്ങിയവർ പരേതന്റെ വീട്ടിലെത്തി അന്ത്യോപചാര മർപ്പിക്കുകയും സംസ്കാരചടങ്ങിൽ പങ്കുചേരുകയും ചെയ്തു.



**പെൻഷനേഴ്സ് അസോസിയേഷനെ പ്രതിനിധീകരിച്ച് ചങ്ങനാശ്ശേരി ഏരിയാ കമ്മറ്റി കൺവീനർ രാജൻ ജോർജ്ജ് ഏരിയാക്കമ്മറ്റിയംഗം പി.ഉണ്ണിക്കുഞ്ഞ് എന്നിവർ രാജുവിന്റെ ഭവനത്തിലെത്തി അന്തിമാഭിവാദ്യങ്ങൾ അർപ്പിക്കുന്നു.**

എസ്.ബി.ഐ. പെൻഷനേർസ് അസോസിയേഷൻ കോട്ടയം ജില്ലാ സെന്ററി**ന്റെ** അനുശോചനം സന്തപ്ത കുടുംബാംഗങ്ങളെ അറിയിക്കുന്നു, അവരുടെ ദുഃഖത്തിൽ പങ്കുചേരുന്നു. പരേത**ന്റെ** ആത്മാവിനു നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

# റോസമ്മ മാത്യു



**റോസമ്മ മാത്യു,**

**എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം ജേക്കബ്ബ് തോമസ്. വി യുടെ ഭാര്യാമാതാവായ റോസമ്മ മാത്യു, (പരേതനായ മാത്യു വേഴപ്പറമ്പിളിന്റെ ഭാര്യ) 104 വയസ്. ശവസംസക്കാരം 30/5/23 നു കട്ടപ്പന സെന്റ് ജോർജ്ജ് ഫൊറോനപ്പള്ളി സെമിത്തേരിയിൽ നടത്തി. പ്രിയമാതാവിന്റെ ദേഹവിയോഗത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.**

# റോയി അഗസ്റ്റിൻ



**റോയി അഗസ്റ്റിൻ**

എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ ഇടുക്കി ജില്ല കേന്ദ്രത്തിന്റെ അംഗം, തൊടുപുഴ നടുക്കണ്ടത്തിൽ കാവളക്കാട്ട് റോയി അഗസ്റ്റിൻ എൽഎം നമ്പർ 7420, 13/6/2023ന് വൈകുന്നേരം നിര്യാതനായ വിവരം അഗാധമായ ദുഖത്തോടെ അറിയിക്കുന്നു. സംസ്കാരം 16-06-2023, വെള്ളിയാഴ്ച്ച പൊന്നന്താ സെന്റ് പീറ്റേഴ്സ് ആന്റ് പോൾസ് പള്ളി സെമിത്തേരിയിലെ കുടുംബക്കല്ലറയിൽ നടത്തി. ഭാര്യ: ഷൈനി റോയി (കൂവപ്പാടി ഇലവുംകൂടി കുടുംബാംഗം) മക്കൾ: റോഷിൻ, നിമിത്. മരുമക്കൾ: ജോർജ് മഠത്തിപ്പറമ്പ (മേലുകാവുമറ്റം), തോമസ് കുഴിഞ്ഞാലിൽ (പ്രവിത്താനം), സഹോദരങ്ങൾ: സിസ്റ്റർ എലിസബത്ത് (സലേഷ്യൻ കോൺഗേഷൻ, മംഗലാപുരം), സിസ്റ്റർ മേഴ്സി (FCC കോൺഗേഷൻ കല്ലൂർക്കാട്), ടോമി അഗസ്റ്റിൻ (ഓസ്ട്രേലിയ), സണ്ണി അഗസ്റ്റിൻ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# മാധവി രാംകുമാർ



മാധവി രാംകുമാർ

തൃക്കാക്കര ഈസ്റ്റേൺ കോർട്ട് സൂര്യകാന്തിയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ റിട്ട. ജനറൽ മാനേജർ പി.രാംകുമാറിന്റെ (മുൻ ഡപ്യൂട്ടി ജനറൽ മാനേജർ എസ്ബിടി, എറണാകുളം) ഭാര്യ മാധവി രാംകുമാർ (71) അന്തരിച്ചു. എസ്ബിടി എം ജി റോഡ് എറണാകുളം ശാഖയിൽ അക്കൗണ്ട്സ് മാനേജർ ആയിരുന്നു. ഹിന്ദു ദിനപ്പത്രത്തിന്റെ ബാംഗ്ലൂർ എഡിഷൻ മ്യൂസിക് & ഡാൻസ് ക്രിട്ടിക് ആയി സേവനം ചെയ്തിട്ടുണ്ട്. സാഹിത്യകാരൻ മാലി മാധവൻ നായരുടെ മകളാണ്. മകൾ: പാർവ്വതി (നോവലിസ്റ്റ്). **സംസ്ക്കാര കർമ്മങ്ങൾ ജൂൺ 17-ാം തിയതി** 10.30 മണിക്ക് കാക്കനാട് ചിറ്റേത്തുകര ശ്മശാ നത്തിൽ. **നടത്തി. എസ് ബി ഐ പെൻഷനേഴ്സ് അസോ സിയേഷൻ, കുടുംബത്തിന്റെ ദുഃഖത്തിൽ പങ്ക് ചേരുന്നു അനുശോചനം** അറിയിക്കുന്നു.

# കെ.എക്സ്.ജോസഫ്



കെ.എക്സ്.ജോസഫ്

എസ് ബി ഐ റിട്ട. ജീവനക്കാരായ (LM 2478) കെ. എക്സ്. ജോസഫ് കാട്ടുവള്ളിൽ, കുത്തുക്കുഴി നിര്യാതനായ വിവരം അഗാധമായ ദുഃഖത്തോടെ അറിയിക്കുന്നു. 91 വയസ്സായിരുന്നു. സംസ്കാരം 22.06.2023 ഞായറാഴ്ച്ച 2.30 മണിക്ക് നെല്ലിമറ്റം സെന്റ് ജോസഫ് പ്ള്ളി സെമിത്തേരിയിൽ നടത്തി. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# വാസുദേവൻ പിള്ള



വാസുദേവൻ പിള്ള

റിട്ട. എസ് ബി ഐ ഉദ്യോഗസ്ഥൻ **ചങ്ങനാശ്ശേരി, പെരന്ന കിഴക്ക് ചിത്രാഞ്ജലിയിൽ വാസുദേവൻ പിള്ള ജൂൺ 20–ാം തിയതി നിര്യാതനായ വിവരം അഗാധമായ ദുഖത്തോടെ അറിയിക്കുന്നു. 74 വയസ്സായി**

രുന്നു സംസ്ക്കാരകർമ്മങ്ങൾ 2023 ജൂൺ 21 – ാം തീയതി വെള്ളിയാഴ്ച്ച വൈകിട്ട് 3 മണിക്ക് വീട്ടുവളപ്പിൽ ആയിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി. ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# ലീലാമ്മ തോമസ്



ലീലാമ്മ തോമസ്

എസ്.ബി.ഐ. ഓഫീസേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ഡി.ജി.എസ് ആയിരുന്ന അലക്സ് മണ്ണൂരാമ്പറമ്പിൽന്റെ, പ്രിയ മാതാവ് ലീലാമ്മ തോമസ് മണ്ണൂരാംപറമ്പിൽ, ഇടപ്പാടി, പാലാ നിര്യാതയായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. സംസ്കാരം 2022 ജൂൺ 24 –ാം തിയതി കവിക്കുന്ന് സെന്റ് എഫ്രേംസ് പ്ള്ളി സെമിത്തേരിയിൽ നടത്തി. അലക്സിന്റെ പ്രിയമാതാവിന്റെ ദേഹവിയോഗത്തിൽ എസ്.ബി.ഐ. പെൻഷനേർസ് അസോസിയേഷൻ കോട്ടയം അതിയായ ദു:ഖം അറിയിക്കുന്നു.. ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.



അലക്സിന്റെ ഭവനത്തിലെത്തി പരേതയ്ക്ക് അന്ത്യോപചാരമർപിക്കുന്ന എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പാലാ ഏരിയാക്കമ്മെറ്റിയംഗങ്ങൾ

# കെ.എം. മോഹൻദാസ്



കെ.എം. മോഹൻദാസ്

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ ജില്ലാ കേന്ദ്രത്തിന്റെ അംഗം, (റിട്ട. മാനേജർ, എസ്.ബി.ഐ.) കെ.എം. മോഹൻദാസ് കണ്ണൂർ താണയിലുള്ള വസതിയിൽ നിര്യാതനായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. സംസ്ക്കാരകർമ്മങ്ങൾ 2023 ജൂൺ 12 – ാം തീയതി 12 മണിക്ക് പയ്യാമ്പലം ശ്മശാനത്തിൽ ആയിരുന്നു. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ കണ്ണൂർ ജില്ലാ കേന്ദ്രത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# ബെനു കെ.പോൾ



ബെനു കെ.പോൾ

എസ്.ബി.ഐ. തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസ് എ.ജി.എം .കെ. ഇ. പൗലോസിന്റെ മകൻ ബെനു കെ പോൾ അന്തരിച്ച വിവരം അഗാധമായ ദുഖത്തോടെ അറിയിക്കുന്നു. സംസ്കാരം 27 ന് ചൊവ്വാഴ്ച 10 മണിക്ക് ഭവനത്തിലെ ശുശ്രൂഷയ്ക്ക് ശേഷം 12 മണിക്ക് തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിൽ നടത്തി. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# രമ രവീന്ദ്രൻ



രമ രവീന്ദ്രൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തൃശ്ശൂർ ജില്ലാ കേന്ദ്രത്തിന്റെ ജില്ലാ സെക്രട്ടറി കെ.രവീന്ദ്രന്റെ സഹധർമ്മിനി രമ രവീന്ദ്രൻ നിര്യാതയായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. ശവദാഹം പാറമേക്കാവ് ശാന്തിഘട്ട് ശ്മശാനത്തിൽ ജൂൺ 30-ാം തിയതി വെള്ളിയാഴ്ച്ച നടത്തി.

എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ രചനകളും വാർത്തകളും ക്ഷണിക്കുന്നു.**


**ഉപദേശക സമിതി**

**കെ.രാജീവൻ**

**സംസ്ഥാന പ്രസിഡന്റ്**

**എ.ജയകുമാർ**

**സംസ്ഥാന സെക്രട്ടറി**

**പത്രാധിപ സമിതി**

**രക്ഷാധികാരി**
**ഹെൻറി ജോൺ**

**മാത്യു അടയ്ക്കാമുണ്ടയ്ക്കൽ**
**മാനേജിംഗ് എഡിറ്റർ**
**എം.ജി.രാഘവൻ**
**ചീഫ് എഡിറ്റർ**
**.പി.പി.ഫിലിപ്പ്**
**എഡിറ്റർ**
**പത്രാധിപസമിതി അംഗങ്ങൾ**
**കെ. എൻ.വിശ്വനാഥൻ നായർ**
**പി.എം.ജേക്കബ്**
**സി.പി.മാത്യു**
**എം.പി.പുഷ്കരൻ**
**വി.ആർ.ബി**
**രാജൻ ജോർജ്**
**ജോർജ് ജോസഫ്**
**ത്രേസ്സ്യാമ്മ ആന്റണി**
**സണ്ണി ജോസഫ**
**കെ. കെ.പാപ്പച്ചൻ**


ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. കറവുകൾ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.
ചീഫ് എഡിറ്റർ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല

